# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1146/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 15/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1146/2023 തീയ്യതി: 15/10/2023

## തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 24-07-2023 | 01-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 01-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി.വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ
ശ്രീ.അഭിജിത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വെർജിൻ ഷീജ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ബാബു.ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ

ശ്രീമതി പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അപ്പുരകുമാർ | സെക്രട്ടറി | 01-04-2022 | 10-10-2022 |
| ശ്രീ.ആർ.റ്റി.ബിജുകുമാർ | സെക്രട്ടറി | 11-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജയകുമാർ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 10-01-2023 |
| ശ്രീമതി സുനിത.എ | അസിസ്റ്റന്റ് സെക്രട്ടറി | 11-01-2023 | 31-03-2023 |
| ശ്രീമതി രശ്മി.കെ.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 06-09-2022 |
| ശ്രീ.മഹേഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 07-09-2022 | 31-03-2023 |
| ശ്രീമതി സവിത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ജവഹർ | ചീഫ് മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ആശ വിജയൻ | വെറ്ററിനറി സർജൻ | 01-04-2022 | 25-09-2022 |
| ഡോ.ദീപ്തി | വെറ്ററിനറി സർജൻ | 26-09-2022 | 31-03-2023 |
| ശ്രീമതി ശിവാംബിക | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.അനിൽ കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സബിത.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ.പ്രകാശ് ക്രിസ്റ്റ്യൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| കുമാരി ഹേമ | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-05-2022 |
| ശ്രീ.അനിൽ | ഹെഡ്മാസ്റ്റർ | 01-06-2022 | 30-06-2022 |
| ശ്രീമതി ബീന | ഹെഡ്മിസ്ട്രസ് | 01-07-2022 | 31-03-2023 |
| ശ്രീമതി സൗമ്യ.യു.കെ | വി.ഇ.ഒ (ഈസ്റ്റ്) | 01-04-2022 | 31-03-2023 |
| ശ്രീ.ബിനോയ് ഭുവൻ | വി.ഇ.ഒ(നോർത്ത്) | 01-04-2022 | 20-05-2022 |
| ശ്രീ.സുബിൻ.എസ്.എസ് | വി.ഇ.ഒ(നോർത്ത്) | 21-05-2022 | 02-03-2023 |

| | | | |
|---|---|---|---|
| ശ്രീ.ജിനീഷ്.ജെ.എസ് | വി.ഇ.ഒ(നോർത്ത്) | 03-03-2023 | 31-03-2023 |
| ശ്രീ.സുബിൻ.എസ്.എസ് | വി.ഇ.ഒ (വെസ്റ്റ്) | 01-04-2022 | 31-07-2022 |
| ശ്രീ.നന്ദു.വി.എസ് | വി.ഇ.ഒ (വെസ്റ്റ്) | 01-08-2022 | 27-12-2022 |
| ശ്രീമതി സൗമ്യ.യു.കെ | വി.ഇ.ഒ (വെസ്റ്റ്) | 28-12-2022 | 18-01-2023 |
| ശ്രീ.ജിനീഷ്.ജെ.എസ് | വി.ഇ.ഒ (വെസ്റ്റ്) | 19-01-2023 | 31-03-2023 |
| ശ്രീമതി ശ്രീവിദ്യ റാണി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Credited എന്ന ഇനത്തിൽ 4296/- രൂപ അവശേഷിക്കുന്നു. | 1-1-3 |
| 5 | പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ് തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-1-5 |
| 7 | സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല. | 1-1-6 |
| 8 | ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല. | 1-1-7 |
| 9 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-8 |
| 10 | ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ബജറ്റ്- അപാകതകൾ | 1-2-1 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്ഷേമ പദ്ധതികൾ | 1-6 |
| 17 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി. | 1-6-1 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 21 | പഞ്ചായത്ത് തല ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം വിപുലമാക്കേണ്ടതാണ് -തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്. | 1-10 |
| 22 | കെട്ടിടനികുതി -ഡി.സി.ബി.തുകകളുടെ വ്യത്യാസം പരിഹരിക്കണം. | 1-11 |
| 23 | നിയമാനുസൃതമല്ലാതെ നികുതിയിളവ് നൽകുന്നു.പ്രത്യേക പരിശോധന ആവശ്യം | 1-11-1 |

| | | |
|---|---|---|
| 24 | U/Aകെട്ടിടങ്ങളുടെ ബെയ്സ് ഡേറ്റയും,ഡിജിറ്റൽ സൈനും സഞ്ചയയിൽ രേഖപ്പെടുത്തുന്നില്ല. | 1-11-2 |
| 25 | കെട്ടിടങ്ങൾക്ക് നിയമാനുസൃത നികുതി നിരക്ക് ചുമത്തിയിട്ടില്ല.തുടർനടപടി സ്വീകരിക്കണം. | 1-11-3 |
| 26 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കണം. | 1-11-4 |
| 27 | അനധികൃത കെട്ടിട ഭാഗം പൊളിച്ച് മാറ്റിയതായ സാക്ഷ്യപത്രം ലഭ്യമാക്കണം. | 1-11-5 |
| 28 | റേഷൻ കടകളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നില്ല. | 1-12 |
| 29 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-13 |
| 30 | സുഫലം പദ്ധതി-മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല-250000 രൂപ തടസ്സപ്പെടുത്തുന്നു. | 1-14 |
| 31 | പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ്-സാമ്പത്തിക വർഷത്തിൽ രണ്ട് തവണ അനുവദിച്ചു | 1-15 |
| 32 | മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും 551796/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല | 1-16 |
| 33 | ബോധവൽക്കരണ ക്ലാസിന് ലഘു ഭക്ഷണം നൽകൽ - രസീതിലെ തീയതികൾ പൊരുത്തപ്പെടുന്നില്ല | 1-17 |
| 34 | ബ്ലോക്ക് പഞ്ചായത്തുമായി കരാർ ഒപ്പിടാതെ സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറി - 100000/- രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 35 | വാങ്ങലിന് ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചില്ല. | 1-19 |
| 36 | എം.ജി.എൻ.ആർ.ഇ.ജി.എസ്സ്.-പ്രവർത്തന അവലോകനം | 1-20 |
| 37 | ഗവ.എൽ.പി.എസ്. നെല്ലിവിള സ്കൂളിൽ വെള്ളക്കരം ഇനത്തിൽ 2627987/- രൂപയുടെ കുടിശ്ശിക-തുടർനടപടി സ്വീകരിച്ചിട്ടില്ല | 1-21 |
| 38 | പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക | 1-22 |
| 39 | ഗുണഭോക്താവിന് തുക ലഭിച്ചില്ലെങ്കിലും സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക ക്രഡിറ്റ് ആയ രേഖ ലഭിക്കുന്നു | 1-23 |
| 40 | നെല്ലിവിള മാർക്കറ്റ് ടേക്ക് എ ബ്രേക്ക് പദ്ധതി - നാപ്കിൻ വെൻഡിംഗ് മെഷീൻ പ്രയോജനരഹിതമായി തുടരുന്നു | 1-24 |
| 41 | പത്താംതരം -പ്ലസ്സ് തുല്യതാ പരീക്ഷ ഫീസൊടുക്കൽ -21200/- രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 42 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 29,12,416/- രൂപ തടസ്സപ്പെടുത്തുന്നു | 1-26 |

| | | |
|---|---|---|
| 43 | മരാമത്ത് പ്രവൃത്തികൾ സമയബന്ധതമായി പൂർത്തീകരിക്കുന്നില്ല. | 1-27 |
| 44 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം-രേഖകൾ ഹാജരാക്കിയില്ല -2,04,900/- രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 45 | ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾക്ക് വാട്ടർ കണക്ഷൻ നല്കൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - 4,07,850/- രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 46 | കരാർ തീയതിയിൽ പ്രവർത്തി പൂർത്തീകരിച്ചില്ല | 1-30 |
| 47 | കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭിക്കാൻ കാലതാമസം നേരിടുന്നു. | 1-31 |
| 48 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല | 1-32 |
| 49 | പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല | 1-33 |
| 50 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്ന് പൂർണമായും ലഭ്യമായില്ല | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04.07.2023 ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (കമ്മിറ്റി തീരുമാനത്തിന്റെ നമ്പരും തീയതിയും) 05.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആയത് തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. അടിസ്ഥാന അനുപാതങ്ങൾ നിലവിലെ അക്കൗണ്ടിംഗ് സിസ്റ്റമായILGMS സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 20/27.07.2023 – ന്റെ മറുപടി).

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10299988/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8899661/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണ്. ആയത്

പൊരുത്തപ്പെടാത്തത് ILGMS സോഫ്റ്റ്‌വെയറിലെ സാങ്കേതിക പിഴവു മൂലമാണെന്നും ILGMS Cashflow Statement ആട്ടോമാറ്റിക് ആയി ജനറേറ്റ് ആകുന്നതാണെന്നമാണ് അറിയിച്ചിരിക്കുന്നത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 37/31.07.2023 – ന്റെ മറുപടി).

## 1-1-3 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Credited എന്ന ഇനത്തിൽ 4296/- രൂപ അവശേഷിക്കുന്നു.

എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നം - 37178011029) 2023 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ "Cheque Deposited But Not Credited " ആയി 4296/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 1220000371 | 14.01.2023 | 120 | 31.03.2023 വരെ ക്രഡിറ്റ് ആയിട്ടില്ല. |
| 2 | 1220000383 | 24.01.2023 | 220 | ” |
| 3 | 1220000384 | 25.01.2023 | 120 | ” |

ആയത്, Marriage, Death, Birth എന്നിവയുടെ ഫീസ്, ലേറ്റ് ഫീ എന്നീ ഇനങ്ങളിലുള്ള തുകയാണെന്നും ആയത് അക്ഷയ മുഖേന അടവാക്കുമെങ്കിലും ക്രെഡിറ്റ് ആകുന്നത് വരും മാസങ്ങളിലാണ് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകുന്നത് എന്നുമാണ് അറിയിച്ചിരിക്കുന്നത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 37/31.07.2023 – ന്റെ മറുപടി). ഇ-പെയ്മെന്റ് തുക ഉടനെ തന്നെ പഞ്ചായത്ത് ഫണ്ടിൽ എത്തിക്കുന്നതിനും കാലതാമസം മൂലമുണ്ടാകുന്ന പലിശ നഷ്ടം ഒഴിവാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-1-4 പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 20/27.07.2023 – ന്റെ മറുപടി).

## 1-1-5 അഡ്വാൻസ് തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2021-22 സാമ്പത്തിക വർഷം ക്രമീകരിക്കാതെ അവശേഷിച്ച അഡ്വാൻസ് തുകകൾ 2022-23 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 460100101 | Festival Advance | 15000 |

ഗ്രാമപഞ്ചായത്തിൽ ക്ലർക്കായിരുന്നതും ഗവ.സെക്രട്ടറിയേറ്റിലേക്ക് നിയമനം ലഭിച്ച ശ്രീമതി അശ്വതിയുടെ ഓണം അഡ്വാൻസ് തിരികെ ഒടുക്കാത്തതിൽ അവശേഷിക്കുന്ന തുകയാണെന്നും ആയത് ക്രമീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/27.07.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അഡ്വാൻസ് തുകകൾ ക്രമീകരിച്ച് വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-1-6 സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. അതാത് എക്സ്പെൻഡിച്ചർ ഹെഡുകളിലാണ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടുള്ളതെന്നും തുടർ വർഷങ്ങളിൽ മേൽ അപാകത പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/27.07.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-7 ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

പഞ്ചായത്തിന് ലഭിക്കേണ്ട ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ഇനത്തിൽ 01.03.2022 മുതൽ 31.03.2023 വരെ 135420/-രൂപയാണ് ലഭിക്കേണ്ടിയിരുന്നത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ടി തുക 20.07.2023 ൽ പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ മേൽ അപാകത പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/27.07.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-8 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (Rp-49 പ്രകാരം) | ആകെ | 2022-23 വർഷം തിരികെ ലഭിച്ച തുക (Rp-49 പ്രകാരം) | നീക്കിയിരിപ്പ് | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 14403012 | 1617674 | 16020686 | 383926 | 15636760 | 14317256 |
| കേരള വാട്ടർ അതോറിറ്റി | 10313699 | 0 | 10313699 | 290228 | 10023471 | 11342974 |

കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ യഥാർഥ നീക്കിയിരിപ്പും ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കെ.എസ്.ഇ.ബിയിൽ നിന്നും 2022-23 വർഷം വിനിയോഗിച്ചത്/ തിരികെ ലഭിച്ചതായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന (RP49 പ്രകാരം) തുകയ്ക്ക് രേഖകൾ ഒന്നും ഹാജരാക്കിയില്ല. കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കുമായി ബന്ധപ്പെട്ട് 290228/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും കെ.എസ്.ഇ.ബി യിൽ നിന്ന് 383296/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിരുന്നെന്നും ആയതിൻ പ്രകാരം ലയബിലിറ്റി കുറവ് വരുത്താൻ ജേണൽ ചെയ്തപ്പോൾ ഹെഡുകൾ പരസ്പരം മാറി പോയതിനാലാണ് വ്യത്യാസം കാണപ്പെടുന്നതെന്നും ആയത് 23-24 സാമ്പത്തികവർഷം ക്രമപ്പെടുത്തുന്ന താണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 27/27.07.2023) വിനിയോഗ സാക്ഷ്യം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-1-9 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ താഴെ ചേർക്കുന്ന Fixed Assets ന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. 2022-23ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ 2021-22 സാമ്പത്തിക വർഷത്തെ B-11(a) ഷെഡ്യൂൾ പ്രകാരമുള്ള അതേ തുകയാണ് Accumulated Depreciation ആയി ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ഹെഡ് കോഡ് | ഇനം |
|---|---|---|
| 1 | 416100106 | Accumulated Depreciation Plant And Machinery |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (37/31.07.2023) ILGMS സോഫ്റ്റ്വെയറിൽ Plant And Machinery Accumulated എന്നതിന് അസറ്റ് ഹെഡ് നിലവിലില്ലാത്തതിനാലാണെന്ന് മറുപടി ലഭ്യമാക്കിയിരുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 26.03.2022 | 27.02.2023 |
| ഭരണസമിതി തീരുമാനം | 1-ാം നമ്പർ | 5(1)-ാം നമ്പർ |
| മുന്നിരിപ്പ് | 2,91,04,244 | 3,00,89,120 |
| പ്രതീക്ഷിത വരവ് | 27,34,94,000 | 31,07,45,447 |

| | | |
|---|---|---|
| പ്രതീക്ഷിത ചെലവ് | 28,59,62,166 | 32,35,78,094 |
| നീക്കിയിരിപ്പ് | 1,66,36,078 | 1,72,56,473 |

### 1-2-1 ബജറ്റ്- അപാകതകൾ

ബജറ്റ് (പരിഷ്ക്കരിച്ചത്) സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 ബജറ്റ് എസ്റ്റിമേറ്റിൽ ഇപ്രകാരം കുറിപ്പുകളോ വിശദീകരണങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല.

2) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവുകളും ബജറ്റ് പ്രകാരമുള്ള വരവുകളും തമ്മിൽ കൂടുതൽ അന്തരം കാണുന്നു . ഉദാഹരണം ചുവടെ ചേർക്കുന്നു.

| Detailed Head | ഇനം | AFS പ്രകാരമുള്ള വരവ് | ബഡ്ജറ്റ് പ്രകാരം വരവ് |
|---|---|---|---|
| 1301001 | Rent From Land And Buildings | 0 | 30000 |
| 1405001 | User Charges Collected | 26500 | 10000 |
| 1407001 | Service And Administrative Charges | 0 | 350000 |
| 1501 | Sale And Hire Charges | 53864 | 805000 |
| 1711001 | Interest From Bank Accounts | 1046712 | 600000 |
| 3203001 | Grants, Funds, Contributions For Specific Purposes-Other Gov.Agencies | 31777 | 2850000 |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (45/01.08.2023) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 34911028 |
| ഓഡിറ്റ് വർഷത്തെ വരവ് | 52105590 |
| ആകെ | 87016618 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41805602 |
| നീക്കിയിരിപ്പ് | 45211016 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 197121875/- രൂപയും ചെലവ് 185356104/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22476704 | | 22704014 | -227310 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 14526937 | | 13388957 | 1137980 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 10887094 | | 5973201 | 4913893 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5926497 | | 3040860 | 2885637 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 18280000 | | 6456906 | 11823094 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7915000 | | 7160965 | 754035 |

A) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Expenditure | Balance |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ACR | 19896798 | 2579906 |
| | Grant Statement | 22704014 | -227310 |
| വികസനഫണ്ട് (എസ്.സി.പി) | ACR | 12928478 | 1598459 |
| | Grant Statement | 13388957 | 1137980 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ACR | 6837651 | 11442349 |
| | Grant Statement | 6456906 | 11823094 |

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റും ACR ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.

B) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത തുകകൾ 2021-22 വർഷവും നിലനിന്നുരുന്നതാണ്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 547737 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 562800 |
| 3 | 320700302 | മുൻസിപ്പൽ കോർപ്പറേഷൻ | 235885 |
| 4 | 320700305 | ജില്ലാ പഞ്ചായത്ത് | 103569 |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന തുകകൾ മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/29.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

C) ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ ബാദ്ധ്യതയായി അവശേഷിക്കുന്നു.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 423000/- രൂപ മുൻവർഷവും തൻ വർഷവും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. 1-02-2013 മുതൽ 31-03-2018 വരെയുള്ള കാലയളവിലെ വെറ്റിനറി സർജൻ, കൃഷി ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതികൾക്കായി

വ്യക്തികളിൽ നിന്നും പിരിച്ചെടുത്തതാണെന്നും പഞ്ചായത്ത് കമ്മിറ്റികയുടെ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് 20/27.07.2023 – ന്റെ മറുപടി).

## 1-5 പദ്ധതി അവലോകനം

1) ഫണ്ട് വിനിയോഗം


2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് പദ്ധതി നടത്തിപ്പിനായി ബജറ്റ് വിഹിതമായി ലഭിച്ച തുക, വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക, ചെലവഴിക്കാനാകാതെ ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 2,61,48,000 | 2,27,04,014 | 34,43,986 |
| വികസനഫണ്ട് എസ്.സി.പി | 1,51,05,000 | 1,33,88,957 | 17,16,043 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 79,15,000 | 71,60,965 | 7,54,035 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1,82,80,000 | 64,56,906 | 1,18,23,094 |
| ആകെ | 6,74,48,000 | 4,97,10,842 | 1,77,37,158 |

*ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.*

*(1)*




*(2)*




* മെയിന്റനൻസ് ഗ്രാന്റ് (റോഡ്) അനുവദിച്ച തുകയുടെ 35 % തുക മാത്രമാണ് ചെലവഴിച്ചിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ അടങ്കൽ തുകയുടെ 39% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് (പട്ടിക ബി കാണുക).

തനതു വരുമാനം ഡിമാന്റിന്റെ 90 % പിരിക്കാത്തതിനാൽ സ.ഉ. 179/22/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ട് പൊതുവിഭാഗം ജനറലിൽ നിന്നും 1 % തുകയായ 2,61,480/- രൂപ കുറവു ചെയ്താണ് പഞ്ചായത്തിന് തുക ലഭ്യമായിട്ടുള്ളത്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് (2021-22 B4 ഷെഡ്യൂൾ പ്രകാരം) | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ്) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B4 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 45,21,573 | 1,08,87,094 | 1,54,08,667 | 59,73,201 | 94,35,466 | 64,03,546 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 1,77,781 | 59,26,497 | 61,04,278 | 30,40,860 | 30,63,418 | 20,98,084 |

* നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 1 | 915,500 | 775,500 | 82% |
| വെറ്റിനറി സർജൻ | 3 | 3 | 0 | 1700000 | 1700000 | 100% |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ -സി -എച്ച്.സി | 12 | 9 | 3 | 3007000 | 2493598 | 70% |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 0 | 250000 | 250000 | 100% |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 13 | 13 | 0 | 4086011 | 4043486 | 98% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 37 | 29 | 8 | 315,05,368 | 16858388 | 53% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 11 | 4 | 8275553 | 6306551 | 76% |
| സെക്രട്ടറി | 42 | 25 | 17 | 15530316 | 9501946 | 61% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 44 | 41 | 37252997 | 14542126 | 39% |
| ഹെഡ് മാസ്റ്റർ | 6 | 3 | 3 | 1565572 | 832612 | 53% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 3600000 | 1745390 | 48% |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 3 | 8482466 | 7116627 | 83% |
| ഫിഷറീസ് ഓഫീസർ | 2 | 2 | 0 | 176000 | 94900 | 53% |
| ആകെ | 235 | 152 | 83 | 116346783 | 66261124 | 56% |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 27499708 | 22704014 | 82% |
| എസ്.സി.പി. | 15394031 | 13388957 | 86 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 20856068 | 9014061 | 43 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 5677000 | 1491902 | 26 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 4476000 | 264000 | 05 |
| തനത് ഫണ്ട് | 3826840 | 2339048 | 61 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 4555750 | 2737015 | 60 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 5234439 | 665500 | 12 |
| മെയിന്റനൻസ് റോഡ് | 20287858 | 6456906 | 31 |
| മെയിന്റനൻസ് റോഡിതരം | 8539089 | 7160965 | 83 |
| ആകെ | 116346783 | | |
| മറ്റുള്ളവ | 24447449 | 1560141 | |
| | 140794232 | | |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 275/2021/തസ ഭവ; തീയതി 26/11/2021) ഖണ്ഡിക, 2.1.1 അനുസരിച്ച്, ഭരണസമിതിയുടെ 14/12/2021 ലെ 3(1) നമ്പർ തീരുമാന പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ഫോം നമ്പർ 1 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ പൂർണമായും നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 26/04/2022 ൽ ആസൂത്രണ സമിതി യോഗവും 05/05/2022 ൽ

ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും സംയുക്ത യോഗവും സംഘടിപ്പിച്ചിട്ടുണ്ട്. 20/06/2022ൽ യോഗം കൂടിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിട്ട്സിൽ ചർച്ചാ വിഷയങ്ങൾ എഴുതിയിട്ടില്ല.

ജനകീയാസൂത്രണത്തിന്റെ 25 വർഷത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി വികസന രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

A) (സ.ഉ(കൈ)നം. 275/2021/തസ ഭവ; തീയതി 26/11/2021) ഖണ്ഡിക, 2. അനുസരിച്ച്, ഭരണസമിതിയുടെ 14/12/2021 ലെ 3(3) നമ്പർ തീരുമാനപ്രകാരം വർക്കിംഗ് ഗ്രൂപ്പ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ഫോം നമ്പർ 2 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

B) 2022-23 സാമ്പത്തിക വർഷം വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചുവെങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലായെന്നാണ് മിനിട്ട്സ് ബുക്കിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതി ആസൂത്രണം വികസന സെമിനാർ എന്നിവയുമായി ബന്ധപ്പെട്ട മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ കൂടിയിട്ടുള്ളത്. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ഒരു തവണ മാത്രമാണ് കൂടിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് മിനിട്ട്സിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം കൂടിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിട്ട്സ് എഴുതി പൂർത്തിയാക്കിയിട്ടില്ല. (കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ഒഴികെ).

C) കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങളും ഓരോ മേഖലയിലും നേരിടുന്ന പ്രശ്നങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുറപ്പെടുവിച്ചുവെങ്കിലും പ്രശ്ന പരിഹാര മാർഗങ്ങൾ ഒന്നും ചർച്ച ചെയ്തതായി വർക്കിംഗ് ഗ്രൂപ്പ് മിന്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. പൂർത്തിയാക്കിയ പദ്ധതികളുടെ വിലയിരുത്തൽ നടത്തിയിട്ടില്ല.

D) സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കണമെന്ന് ഖണ്ഡിക 3-4ൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളിൽ നിർവഹിച്ചിട്ടില്ല.

ഗ്രാമസഭ

2022-23 സാമ്പത്തിക വർഷം ഓരോ വാർഡിലും (വാർഡ് 1, 16, & 20) അഞ്ച് ഗ്രാമസഭകൾ വീതം കൂടിയിട്ടുണ്ട്. ഗ്രാമസഭാ മിനിട്ട്സ് പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണം, 2022-23 ലെ വാർഷിക പദ്ധതി ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ലൈഫ് 2020 കരട് ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, ഡിജിറ്റൽ സർവേയുടെ പ്രയോജനങ്ങൾ ജനങ്ങളിലെത്തിക്കുക, 2023-24 വർഷത്തെ വാർഷിക പദ്ധതി രൂപീകരണം എന്നിവയുമായി ബന്ധപ്പെട്ട ഗ്രാമ സഭകളാണ് കൂടിയിട്ടുള്ളത്. വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭായോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്ന് പദ്ധതി മാർഗരേഖ ഖണ്ഡിക 3-2-1(2) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതികളുടെ മുൻഗണനക്രമം ഗ്രാമസഭയിൽ നിശ്ചയിച്ചതായി മിനിട്ടസിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഗ്രാമസഭയിൽ നിന്നും രണ്ട് വനിതകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾ എന്നിവർ ഉൾപ്പെടെ അഞ്ച് പ്രതിനിധികളെ വികസന സെമിനാറിൽ പങ്കെടുക്കുന്നതിന് തെരഞ്ഞെടുക്കേണ്ടതാണെന്ന് ഖണ്ഡിക 3-2-1(10) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അംഗങ്ങളെ തെരഞ്ഞെടുത്തതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയതു സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 3) .വാർഷിക കണക്ക് പ്രകാരം തൻവർഷം വായ്പ ലഭ്യമായിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| മേഖല | നടപ്പിലാക്കിയ പദ്ധതികൾ | എണ്ണം |
|---|---|---|
| മൃഗസംരക്ഷണം | പശു തൊഴുത്ത് നിർമാണം | 16 |
| | ആട്ടിൻകൂട് നിർമാണം | 5 |
| | കോഴിക്കൂട് നിർമാണം | 9 |
| | തീറ്റപ്പുൽക്കൃഷി | 2 വർക്ക് (25 സെന്റ്) |

| | | |
|---|---|---|
| ശുചിത്വം | വീടുകളിൽ കംപോസ്റ്റ് പിറ്റ് നിർമാണം | 3 |
| | സോക്ക് പിറ്റ് നിർമാണം | 56 |

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ, ജനകീയ ഹോട്ടലിന് അടിസ്ഥാന സൗകര്യമൊരുക്കൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSR ഫണ്ട്

സി.എസ്.ആർ ഫണ്ട് ലഭ്യമായിട്ടില്ല.

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 1970400/- | 206 |
| വിധവാ പെൻഷൻ | 16632800/- | 1678 |
| വാർദ്ധക്യകാല പെൻഷൻ | 31733800/- | 3369 |
| വികലാംഗ പെൻഷൻ | 5063600/- | 483 |
| വിവാഹ ധനസഹായം | 180000/- | 6 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 420800/- | 41 |

ക്ഷേമ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പെൻഷൻ രജിസ്റ്ററുകളും വളരെ കൃത്യതയോടും വ്യക്തതയോടും പരിപാലിച്ചിരിക്കുന്നു. ആയത് പ്രശംസനീയമാണ്.

## 1-6-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആദ്യത്തെ നൂറ് അപേക്ഷകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായും സസ്പെന്റ് ചെയ്യാതിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | അധികം നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | സുശീല | 102960600410 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 22.11.2022 | ആക്ടീവ് | 4/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |
| 2 | ശശിധരൻ.വി | 101670246726 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30.4.2022 | ആക്ടീവ് | 4/2023 | 1600/- | തുക ബാങ്കിന് കൈമാറി. |
| 3 | ദാമോദരൻ.എ | 102960100136 | കർഷക തൊഴിലാളി പെൻഷൻ | 17.2.2023 | ആക്ടീവ് | - | - | പെൻഷൻ തടഞ്ഞ് വച്ചിരിക്കുന്നു. |
| 4 | രുഗ്മിണി | 793975598890 | ഇന്ദിരാഗാന്ധി ദേശീയ | 14.2.2023 | ആക്ടീവ് | 4/2023 | 1600/- | സഹകരണ സംഘത്തിന് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | വാർദ്ധക്യകാല പെൻഷൻ | | | | | കൈമാറി. |
| 5 | ശാന്ത ബി | 101670221710 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.2.2023 | ആക്ടീവ് | 4/2023 | 1600/- | തുക ബാങ്കിന് കൈമാറി. |
| 6 | സരസമ്മ.ജെ | 102960201604 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 19.2.2023 | ആക്ടീവ് | - | - | പെൻഷൻ തടഞ്ഞ് വച്ചിരിക്കുന്നു. |
| 7 | മനോഹരൻ കെ | 102960203513 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/2/2023 | ആക്ടീവ് | 4/2023 | 1600/- | തുക ബാങ്കിന് കൈമാറി. |
| 8 | സദാശിവൻ നായർ | 102960201720 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 06.3.2023 | ആക്ടീവ് | 4/2023 | 1400/- | തുക ബാങ്കിന് കൈമാറി. |
| 9 | വിലാസിനി ഡി | 102960600369 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 26.02.2023 | ആക്ടീവ് | 4/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |
| 10 | കുഞ്ഞി | 102960200557 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30.12.2022 | ആക്ടീവ് | 1/2023 - 4/2023 | 2600/- | തുക ബാങ്കിന് കൈമാറി. |

ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ സ്വീകരിക്കേണ്ട തുടർനടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/24.07.2023) മരണം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പെൻഷൻ ഗുണഭോക്താക്കളെ സേവനയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും, നിലവിൽ റിപ്പോർട്ട് ചെയ്തതിരിക്കുന്ന മരണപ്പെട്ട ഗുണഭോക്താക്കളെ സേവന പെൻഷനിൽ നിന്ന് സസ്പെന്റ് ചെയ്യുകയും മരണശേഷം അക്കൌണ്ടിൽ നിക്ഷേപിച്ച തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും മറുപടി നൽകി.

അനർഹമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മരണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-07-2023 തീയതിയിൽ 1.31 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,223/- (ഇരുപതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തി മൂന്ന്) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണം സംബന്ധിച്ച് താഴെപ്പറയുന്ന പരാമർശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- തനത് വരുമാനം-തൊഴിൽനികുതി, വസ്തുനികുതി മുതലായവ പിരിച്ചെടുക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.
- പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനോടൊപ്പം മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കേണ്ടതാണ്.
- മരണം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിച്ച അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യുന്നില്ല. ആകയാൽ മരണശേഷവും പെൻഷൻ നല്കുന്ന സാഹചര്യം ഉണ്ടാകുന്നു.
- NREGS പദ്ധതി പ്രകാരം സൃഷ്ടിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
- ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം സജീവമാക്കേണ്ടതുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/2/2022 | 1/1/2021 – 31/3/2022 | റിപ്പോർട്ട് ലഭ്യമായില്ല. |
| അക്കൗണ്ട്സ് ജനറലിന്റെ ഓഡിറ്റ് | 7/12/2015 | 2010-11 – 2014-15 | 28/7/2016 |

## 1-10 പഞ്ചായത്ത് തല ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം വിപുലമാക്കേണ്ടതാണ് -തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പോക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിയിൽനിന്ന് സംഭാവനകൾ സ്ഥീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്-ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടിണ്ടോയെന്ന എന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പ് 2/2023-ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ മുൻവർഷത്തെ ദുരിതാശ്വാസ നിധിയിലെ ബാലൻസ് /രൂപയുമാണെന്ന് കാണുന്നു. ആയതിൽ നിന്നും തൻവർഷം സംഭാവനായി കൂടുതൽ തുക ലഭിക്കുകയോ, ആവശ്യക്കാർക്ക് തുക നൽകുകയോ ചെയ്യതിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്തീരാജ് ചട്ടങ്ങളിൽ വിവരിക്കുന്നവിധം ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിക്കാൻ പഞ്ചായത്ത് ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 കെട്ടിടനികുതി -ഡി.സി.ബി.തുകകളുടെ വ്യത്യാസം പരിഹരിക്കണം.

ഗ്രാമപഞ്ചായത്തിന്റെ 2022-23-ലെ കെട്ടിട നികുതി D.C.B സ്റ്റേറ്റ്മെന്റും, സഞ്ചയ ഡാഷ് ബോർഡിലെ കെട്ടിട നികുതി അരിയർ, കളക്ഷൻ, ബാലൻസ് എന്നിവയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നതായി കണ്ടെത്തി. വിശദവിവരം വിവരം ചുവടെ ചേർക്കുന്നു.

A. കെട്ടിട നികുതി D.C.B സ്റ്റേറ്റ്മെന്റ്.

| ഡിമാൻഡ് | | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|---|
| കെട്ടിടനികുതി -അരിയർ | | കറന്റ് | ആകെ | കളക്ഷൻ അരിയർ | കറന്റ് കളക്ഷൻ | ആകെ | അരിയർ | കറന്റ് | ആകെ |
| അരിയർ | 2153893 | 3315290 | 5469183 | 1078761 | 2570134 | 3665667 | 1075132 | 728384 | 1803516 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| (കെട്ടിട നികുതി- റെഷ്യഡൻഷ്യൽ | | | | | | | | | |
| അരിയർ (കെട്ടിട നികുതി- നോൺറെഷ്യഡൻഷ്യൽ | 924293 | 2583722 | 3508015 | 574791 | 2179400 | 2754191 | 349502 | 404322 | 753824 |
| ആകെ | 3078186 | 5899012 | 8977198 | 6826552 | 47495334 | 6419858 | 1424634 | 1132706 | 2557340 |

B.

സഞ്ചയ ഡാഷ് ബോർഡിൽ കെട്ടിട നികുതി (റെഷ്യഡൻഷ്യൽ, നോൺ റെഷ്യഡൻഷ്യൽ ഉൾപ്പടെ) അരിയർ, കളക്ഷൻ, ബാലൻസ് എന്നിവ ചുവടെ ചേർക്കുന്നു.

A. അരിയർ

| ഡിമാൻഡ് (ആകെ) | കളക്ഷൻ | ബാലൻസ് |
|---|---|---|
| 35.28 ലക്ഷം | 11.98 ലക്ഷം | 17.86 ലക്ഷം |

B. കറന്റ് കളക്ഷൻ (ആകെ)

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 65.93 ലക്ഷം | 53.25 ലക്ഷം | 12.68 ലക്ഷം |

C. ബാലൻസ് (ആകെ)

| അരിയർ | കറന്റ് | ആകെ |
|---|---|---|
| 17.86 ലക്ഷം | 12.68 ലക്ഷം | 30.54 ലക്ഷം. |

D.C.B പ്രകാരം പിരിച്ചെടുക്കുവാൻ ബാലൻസ് ഇനത്തിൽ 2557340/- രൂപയും സഞ്ചയ ഡാഷ്ബോർഡ് പ്രകാരം 30.54 ലക്ഷം രൂപയുമാണ്. 496660/- രൂപയുടെ വ്യത്യാസത്തിന് മറുപടി ലഭ്യമാക്കാൻ വേണ്ടി നൽകിയ അന്വേഷണകുറിപ്പ് 15 /23 -ന് മറുപടി ലഭ്യമാക്കിയില്ല. അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11-1 നിയമാനുസൃതമല്ലാതെ നികുതിയിളവ് നൽകുന്നു.പ്രത്യേക പരിശോധന ആവശ്യം

സ.ഉ. (എം.എസ്) നം.358/2015/തസ്വഭവ തീയതി 16-12-2015 പ്രകാരം 60 ച.മീറ്റർ വരെ വിസ്തീർണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്നും ഉടമയുടെ സത്യവാങ്മൂലം അടിസ്ഥാനമാക്കി (ഒരു വാസഗൃഹത്തിന്) നികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. കൂടാതെ കാർഷികാവശ്യത്തിനുള്ള പമ്പ് ഹൗസുകളും, 1994-ലെ കേരള പഞ്ചായത്തീരാജ് നിയമംവകുപ്പ് 207(1) പ്രകാരം വസ്തുനികുതിയിൽ നിന്നു ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾക്കും നികുതിയിളവ് നൽകാവുന്നതാണ്. എന്നാൽ സഞ്ചയയിലെ പരിശോധനയിൽ നികുതിയിളവിനുള്ള കാരണം രേഖപ്പെടുത്താതെ കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നതായി കണ്ടെത്തി. അപ്രകാരം നിയമാനുസൃതമല്ലാതെ നികുതിയിളവ് നൽകിയ ഏതാനും കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ | വിസ്തീർണം | നികുതിയിളവിനുള്ള കാരണം | ഇളവ് നൽകിയ വർഷം |
|---|---|---|---|
| 2/8a | 110m2 | രേഖപ്പെടുത്തിയിട്ടില്ല | 2013 മുതൽ 2022 വരെ നികുതിയിളവ് നൽകി.2023-ൽ നികുതി ഈടാക്കി. |
| 2/180-സുധാകരൻനായർ<br>2/181-സുധാകരൻ നായർ | 25 M2(കെട്ടിടത്തിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല.)<br>60m2. ,, | ,,<br>,, | 2013 മുതൽ |

| | | | |
|---|---|---|---|
| 2/558 B | 87.88 M2 (കെട്ടിടത്തിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല.) | ,, | 2013 മുതൽ |
| 7/58 B | 15 M2 (ഷോപ്പ്) | | 2013 മുതൽ |
| 16/469a | 102.12 M2 (കെട്ടിടത്തിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല.) | ,, | 2013 മുതൽ |
| 19/430 | 45.44 M2 | AE.ഹാർബർ പ്രോജക്ട് വിഴിഞ്ഞം | 2013 മുതൽ |
| 20/409 B | 100m2 | KWA.A.E. | 2013 മുതൽ |
| 20/119 A | 100m2 (കെട്ടിടത്തിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല.) | നികുതിയിളവ് നൽകിയിട്ടില്ലായെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | 2013 മുതൽ |
| 20/433 | 121 M2 (കെട്ടിടത്തിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല.) | നികുതിയിളവ് നൽകിയിട്ടില്ലായെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ രസീത് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. | 2013 മുതൽ |

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ വിവരിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം, നികുതിയിളവ് നൽകിയതിനുള്ള കാരണം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്താതെ നികുതിയിളവ് നൽകി വരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 38/23-ന് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരള കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സഞ്ചയ പരിശോധിച്ച് മേൽ വിവരിച്ച വിധം കെട്ടിടങ്ങളുടെ വിസ്തീർണം, ഉപയോഗം എന്നിവ ഉറപ്പുവരുത്താതെ നികുതിയിളവ് നൽകിയിട്ടില്ലായെന്ന് ഉറപ്പുവരുത്തുവാൻ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സഞ്ചയയിലെ തെറ്റുകൾ പരിഹരിക്കാനും നികുതി ചോർച്ച തടയാനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി എടുക്കേണ്ടതാണ്. മേൽ വിവരിച്ച കെട്ടിടങ്ങൾക്ക് ഉപയോഗം അനുസരിച്ച് നികുതി ചുമത്തേണ്ടതാണെങ്കിൽ ആയത് കുടിശ്ശിക ഉൾപ്പടെ ഈടാക്കിയും, നികുതി ഇളവ് നൽകേണ്ട കെട്ടിടങ്ങളാണെങ്കിൽ രേഖകളുടെ കോപ്പികളും, അന്വേഷണകുറിപ്പിന് മറുപടിയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11-2 U/Aകെട്ടിടങ്ങളുടെ ബെയ്സ് ഡേറ്റയും,ഡിജിറ്റൽ സൈനും സഞ്ചയയിൽ രേഖപ്പെടുത്തുന്നില്ല.

ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി ഫോറം 6- ൽ ശേഖരിക്കുന്ന വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി കൃത്യത പരിശോധിച്ച് ഡിജിറ്റൽ സിഗ്നേച്ചറോടെ അംഗീകാരം നൽകേണ്ടത് സെക്രട്ടറിയാണ്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ കെട്ടിടങ്ങളുടെ കൃത്യത ഓരോ വർഷവും ഉറപ്പുവരുത്തി ഡിജിറ്റൽ സിഗ്നേച്ചറോടെ അംഗീകാരം നൽകേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ പരിശോധനയിൽ 20 വാർഡുകളിൽ സ്ഥിതി ചെയ്യുന്ന ചുവടെ വിവരിക്കുന്ന U/Aകെട്ടിടങ്ങളുടെ ബെയ്സ് ഡേറ്റയും, ഡിജിറ്റൽ സൈനും ചെയ്യാതെ അവശേഷിക്കുന്നതായി കണ്ടെത്തി.

| വാർഡ് നം. | ആകെ U/A കെട്ടിടങ്ങൾ | ഡിജിറ്റൽ സൈൻ ചെയ്യാത്തവ | ബെയിസ് ഡേറ്റാ ഇല്ലാത്തവ |
|---|---|---|---|
| 1 | 16 | 12 | 14 |

| | | | |
|---|---|---|---|
| 2 | 5 | 5 | 4 |
| 3 | 2 | 2 | 1 |
| 4 | 7 | 1 | 6 |
| 5 | 7 | 1 | 6 |
| 6 | 9 | 1 | 4 |
| 7 | 3 | 1 | 2 |
| 8 | 8 | 0 | 4 |
| 9 | 9 | 0 | 4 |
| 10 | 13 | 2 | 10 |
| 11 | 4 | 0 | 1 |
| 12 | 4 | 0 | 1 |
| 13 | 7 | 3 | 4 |
| 14 | 6 | 3 | 3 |
| 15 | 2 | 0 | 1 |
| 16 | 6 | 0 | 4 |
| 17 | 11 | 1 | 8 |
| 18 | 9 | 2 | 7 |
| 19 | 56 | 19 | 26 |
| 20 | 16 | 0 | 9 |

മേൽ വിവരിച്ച U/A കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്താത്തതിനും ഡിജിറ്റൽ സൈൻ ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 34/23 -ന് മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്താത്തതിനും ഡിജിറ്റൽ സൈൻ ചെയ്യാത്തതിനും അന്വേഷണകുറിപ്പ് അനുസരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11-3 കെട്ടിടങ്ങൾക്ക് നിയമാനുസൃത നികുതി നിരക്ക് ചുമത്തിയിട്ടില്ല.തുടർനടപടി സ്വീകരിക്കണം.

കെട്ടിടനിർമ്മാണം പൂർത്തിയായി കഴിഞ്ഞാൽ ഉദ്യോഗസ്ഥർ പരിശോധിച്ച് തയ്യാറാക്കുന്ന ഫോറം 6-ലെ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി സെക്രട്ടറി അംഗീകരിക്കുമ്പോൾ നികുതി ഡിമാൻഡ് ആകുന്നു. അപ്രകാരം അംഗീകരിച്ച കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ഓരോ വർഷവും പരിശോധിച്ച് കൃത്യത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ സഞ്ചയയിൽ ഏതാനും വാർഡുകളിലെ കെട്ടിടങ്ങളുടെ നികുതി നിരക്ക് പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിച്ച നികുതി ഈടാക്കുന്നില്ലായെന്ന് കാണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

A.

| കെട്ടിട നമ്പർ | വിസ്തീർണം | ഉപയോഗക്രമം | നികുതി നിരക്ക് | ആകെ നികുതി | അർദ്ധവർഷ നികുതി |
|---|---|---|---|---|---|
| 20/626 | 70.84 M2 | റിസോർട്ട് | 160/- | 12469/- | 6234.5/- |

പ്രസ്തുത കെട്ടിടത്തിന് ഈടാക്കിയ നികുതിയും, കുറവായി ഈടാക്കിയ നികുതിയും ചുവടെ ചേർക്കുന്നു.

| വർഷം | ഈടാക്കിയ നികുതി | കുറവായി ഈടാക്കിയ നികുതി തുക |
|---|---|---|
| 2021 ആദ്യ പകുതി | 235/- | 5999.5/- |
| 2021 രണ്ടാം പകുതി | 235/- | 5999.5/- |
| 2022 ആദ്യ പകുതി | 235/- | 5999.5/- |
| 2022 രണ്ടാം പകുതി | 235/- | 5999.5/- |
| 2023 ആദ്യ പകുതി | 248/- | 5986.5/- |
| | ആകെ | 29984.5/- |

കുറവായി നികുതി ഈടാക്കിയതിനാൽ 2023 ആദ്യ പകുതി വരെ 29984.5/- രൂപ നഷ്ടപ്പെട്ടു.

B.

| കെട്ടിട നമ്പർ | വിസ്തീർണം | ഉപയോഗക്രമം | നികുതി നിരക്ക് | ആകെനികുതി | അർദ്ധവർഷ നികുതി |
|---|---|---|---|---|---|
| 18/218 A | 170 M2 | ഗോഡൗൺ | 70/- | 14433/- | 7217/-വീതം |

പ്രസ്തുത കെട്ടിടത്തിന് സഞ്ചയയിൽ 2013 ആദ്യ പകുതി മുതൽ 6873/- രൂപ വീതം നികുതി കണക്കാക്കി. ആയത് പ്രകാരം പ്രതി വർഷം അടവാക്കുന്ന നികുതി 13746/- രൂപയാണ്. കുറവായി ഈടാക്കുന്ന വാർഷിക തുക (14433-13746= 687/-) 687/- രൂപയാണ്. 2013 മുതൽ 2023 വരെ 7557/- രൂപ നഷ്ടപ്പെട്ടു.

C.

| കെട്ടിട നമ്പർ | വിസ്തീർണം | ഉപയോഗക്രമം | ചുമത്തിയ നികുതി നിരക്ക് | ആകെ നികുതി | അർദ്ധവർഷ നികുതി |
|---|---|---|---|---|---|
| 19/717 | 226.13 M2 | റിസോർട്ട് | 85/- | 19220/- | 8881/- |

2019 ആദ്യ പകുതി മുതൽ പ്രതിവർഷം 16918/- രൂപ ഈടാക്കുന്നു. എന്നാൽ ഈടാക്കേണ്ട നികുതി നിരക്ക് റിസോർട്ട് ആയതിനാൽ 160/- രൂപയാണ്. ആയത് പ്രകാരം ചുമത്തേണ്ട നികുതി ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണം | ഉപയോഗക്രമം | ചുമത്തേണ്ട നികുതി നിരക്ക് | ആകെ അടിസ്ഥാന നികുതി |
|---|---|---|---|---|
| 19/717 | 226.13 M2 | റിസോർട്ട് | 160/- | 36181/- |

160/- രൂപ അടിസ്ഥാന നികുതിയായി ഈടാക്കിയിരുന്നുവെങ്കിൽ 5% ലൈബ്രറി സെസ്സായി 1809/- രൂപയും, 1809/- രൂപ സർവ്വീസ് ചാർജ്ജായും (സഞ്ചയപ്രകാരം) ഈടാക്കുമ്പോൾ ആകെ നികുതി പ്രതിവർഷം 39799/- രൂപ ലഭിക്കുമായിരുന്നു. 2019 ആദ്യപകുതി മുതൽ 22881/- (39799-16918=22881/-) രൂപ കുറവായി ഈടാക്കുന്നതിനാൽ 2023 വരെ 114405/- രൂപ നഷ്ടപ്പെട്ടു. നികുതി ചോർച്ച സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 24/23-ന് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരള കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാൽ കുറവായി ഈടാക്കിയ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കാത്തപക്ഷം നഷ്ടതുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. പരാമർശ വിധേയമായ കെട്ടിടങ്ങൾ സഞ്ചയയിൽ പരിശോധിച്ച് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11-4 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിലെ മുഴുവൻ വസ്തുനികുതി നികുതിയും കുടിശ്ശിക ഉൾപ്പടെ പിരിച്ചെടുക്കുകയെന്നത് തദ്ദേശസ്ഥാപനത്തിന്റെ പ്രധാനപ്പെട്ട കർത്തവ്യമാണ്. എന്നാൽ പഞ്ചായത്തിന് പ്രസ്തുത കർത്തവ്യം പൂർണതോതിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് വാർഷിക ധനകാര്യപത്രികയും, സഞ്ചയയിൽ നിന്നും ലഭിച്ച വിവരങ്ങളും പരിശോധിച്ചതിൽ നിന്നും വ്യക്താമാകുന്നു. വാർഷികധനകാര്യ പത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ (റെഷ്യഡൻഷ്യൽ, നോൺ-റെഷ്യഡൻഷ്യൽ ഉൾപ്പടെ) 2022-23 സാമ്പത്തിക വർഷത്തിൽ 2557340/- രൂപയും സഞ്ചയ ഡാഷ്ബോർഡ് പ്രകാരം 30.54 ലക്ഷം രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

മൈബൈൽ ടവറുകൾ -കുടിശ്ശിക ഈടാക്കിയിട്ടില്ല.

ചുവടെ വിവരിക്കുന്ന മൈബൈൽ ടവറുകളിൽ നിന്നും കുടിശ്ശികയായി ലഭിക്കാനുള്ള നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ടവറിന്റെ പേര് | കെട്ടിട നമ്പർ | നികുതി കുടിശ്ശിക |
|---|---|---|
| AC ടെലികോം | 1/27b | 2023 മാർച്ച് വരെ- 21465/- |
| റിലയൻസ് | 20/355a | 2016-2023 വരെ -45818/- |

മേൽ വിവരിച്ച ടവറുകളിൽ നിന്നും കടിശ്ശികയിടാക്കാൻ സ്ഥീകരിച്ച നടപടികളുടെയും സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, കുടിശ്ശിക ഈടാക്കാൻ ക്യാമ്പ് കളക്ഷൻ, തുടങ്ങിയവയുടെ വിവരങ്ങൾ

ലഭ്യമാക്കാനം നൽകിയ അന്വേഷണകുറിപ്പ് 11/23 -ന് മറുപടിയിൽ സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും, റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

1968-ലെ കേരള റവന്യൂ റിക്കവറി ആക്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജി.ഒ. (എം.എസ്) നം.97/2005 /ആർ.ഡി. തീയതി. 16-4-2005 പ്രകാരം ബാധകമാക്കിയതിനാൽ തദ്ദേശ സ്ഥാപങ്ങൾക്കും കുടിശ്ശിക ഈടാക്കാൻ റിക്കവറി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമം അനുസരിച്ച് തദ്ദേശ സ്ഥാപനം കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല. കൂടാതെ വാർഡ് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ക്യാമ്പ് കളക്ഷനുകൾ സംഘടിപ്പിക്കാൻ ഉദ്യോഗതലത്തിലും ഭരണതലത്തിലും ആവശ്യമായ പ്രവർത്തനങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും സ്വീകരിക്കേണ്ടതാണ്. 2022-23 വർഷത്തിൽ വസ്തു നികുതി നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അടിസ്ഥാനമാക്കി അന്വേഷണകുറിപ്പിന് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11-5 അനധികൃത കെട്ടിട ഭാഗം പൊളിച്ച് മാറ്റിയതായ സാക്ഷ്യപത്രം ലഭ്യമാക്കണം.

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് വാർഡിൽ സമൃദ്ധ സൂപ്പർമാർക്കറ്റ് എന്ന പേരിൽ പ്രവർത്തിച്ചുവരുന്ന കെട്ടിടം ശ്രീ. ബൈജു, ശ്രീമതി. രഞ്ജു എന്നവരുടെ ഉടമസ്ഥതയിലുള്ളതാണ്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് നിർമ്മാണം നടത്തിയ ടി കെട്ടിടത്തിന് 2020-21 ൽ VIII/148(A), 148(B), 148(C) എന്നീ നമ്പർ നല്കി നികുതി നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ 2021 ൽ കെട്ടിടത്തിൽ കൂടുതൽ കൂട്ടിച്ചേർക്കലുകൾ വരുത്തുകയും പാർക്കിംഗ് ഏരിയ പൂർണ്ണമായും കെട്ടി അടക്കുകയും ചെയ്തിട്ടുള്ളതും ശ്രീ. ശിവശങ്കർ എന്ന വ്യക്തി ഈ വിഷയത്തിൽ ഈ ഓഫീസിൽ പരാതി നല്കിയിട്ടുള്ളതുമാണ്. അന്വേഷണത്തിൽ പ്രസ്തുത കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയത് പൊളിച്ചുമാറ്റുന്നതിന് 25/08/2021 ന് സ്ഥാപനം നടത്തുന്നയാളിനും 22/09/2021 ൽ കെട്ടിട ഉടമസ്ഥനും കേരളപഞ്ചായത്ത് രാജ് ആക്ട് 235(W) പ്രകാരമുള്ള താത്ക്കാലിക ഉത്തരവും നല്കിയിട്ടുള്ളതുമാണ്. എന്നാൽ അനധികൃതഭാഗം പൊളിച്ചുമാറ്റാത്തതിനാൽ 16/10/2021 ന് പ്രസ്തുത താത്ക്കാലിക ഉത്തരവ് സ്ഥിരീകരിച്ച് കെട്ടിട ഉടമസ്ഥന് ഉത്തരവ് നൽകിയിരുന്നു. എന്നാൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. എൽ.എസ്.ജി.ഡി. അസിസ്റ്റൻറ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ചുവടെ പറയുന്ന ഭാഗങ്ങൾ പൊളിച്ചുമാറ്റേണ്ടതായി കാണുന്നുവെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1. | മുൻവശം | 98.7 ച.മീ |
| 2. | ഒരുവശം | 30.1 ച.മീ |
| 3. | പുറകുവശം | 1.458 ച.മീ |

ആയതിൻമേൽ ലഭ്യമായ റിപ്പോർട്ട് കമ്മിറ്റി വിശദമായി പരിശോധിക്കുകയും 12.01.2022 ലെ 8 (1) നമ്പർ തീരുമാന പ്രകാരം അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഭാഗം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ചട്ടം 235W പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആയതിന് ചെലവായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും ടി തുക കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ആയത് പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കാൻ നൽകിയ അന്വേഷണകുറിപ്പ് 31/23-ന് നൽകിയ മറുപടിയിൽ പ്രസ്തുത കെട്ടിടത്തിന്റെ അനധികൃതകെട്ടിട ഭാഗങ്ങൾ പൊളിച്ചുനീക്കിയതായി അറിയിച്ചു. എന്നാൽ പ്രസ്തുത നടപടി പൂർത്തീകരിച്ചതായ പഞ്ചായത്ത് എ.ഇ.-യുടെ റിപ്പോർട്ട് ലഭ്യമാക്കിയില്ല. ആയതിനാൽ അനധികൃതകെട്ടിട ഭാഗം നിയമാനുസൃതം പൊളിച്ച നീക്കിയതായുള്ള എ.ഇ.-യുടെ സാങ്കേതിക റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 റേഷൻ കടകളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ച നൽകേണ്ടതും, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലെ റേഷൻകടകളുടെ എണ്ണം, അവയ്ക്ക് ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശം, തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ടാക്സ് ഓഡിറ്റിനായി നൽകിയ അന്വേഷണകുറിപ്പിന് നൽകിയ പെർഫോമ റിപ്പോർട്ടിൽ റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി അറിയിച്ചു. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ അപ്രകാരം നികുതി പിരിച്ചെടുത്തിട്ടില്ലായെന്ന് വ്യക്തമായി. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 32/2023-ന് മറുപടി ലഭ്യമാക്കിയില്ല. സിവിൾ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ

(സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻകടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽഅധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ എല്ലാ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കേണ്ടതും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിഷയം പരിശോധിച്ച് തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 60 ദിവസത്തിലധികം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. പഞ്ചായത്ത് എ.ഇ. ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം തൊഴിൽ നികുതി അടവാക്കേണ്ട കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | മേൽവിലാസം |
|---|---|---|
| 1 | വിപിൻ.ജി | ശ്രീമംഗലം, പയറ്റുവിള |
| 2 | രാജേന്ദ്രൻ.എസ് | ശ്രീനന്ദനം, മണ്ണാക്കല്ല്, നെല്ലിമൂട് |
| 3 | ശ്രീകുമാർ.എസ് | എസ്.എസ്.നിവാസ്, തേരിവിള, നെല്ലിമൂട് |
| 4 | രമേശ്.എസ്.എസ് | നടുവിളാകത്ത് വീട്, കട്ടച്ചൽകുഴി |
| 5 | നേശയ്യൻ.വൈ | ഹോളി ഫാമിലി, കോട്ടുകാൽ |
| 6 | ബൈജു.എസ് | പണ്ടാരവിളാകത്തു വീട്, കല്ലിയൂർ |
| 7 | ജയകുമാർ. വി | വിജയഭവൻ, കോട്ടുകാൽ |
| 8 | ബീനാറാണി.എസ് | ശ്രീവിശാഖം, ഇടത്തേക്കോണം, പയറ്റുവിള |

ടാക്സ് ഓഡിറ്റിനായി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ പെർഫോമ റിപ്പോർട്ടിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തി. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം രേഖപ്പെടുത്തിയിട്ടില്ല. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടില്ലാ എന്ന് ഉറപ്പ് വരുത്തി കരാറുകാരിൽ നിന്നും നിയമാനുസൃതം തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 സുഫലം പദ്ധതി-മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല-250000 രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 229/22-23 | |
| പേര് | സുഫലം | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ജനറൽ) | 250000 | 250000 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട്) | 250000 | 250000 |
| ആകെ | 500000 | 500000 |
| ബിൽ നമ്പർ, തീയതി, തുക | സി.ബി നമ്പർ 10/06.01.23 – 50000 രൂപ<br>സി.ബി നമ്പർ 13/18.01.23 – 122970 രൂപ<br>സി.ബി നമ്പർ 16/30.01.23 – 77030 രൂപ<br>ആകെ – 250000 രൂപ | |
| നിർവ്വഹണം | കൃഷി ഓഫീസർ | |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ.കൈ നം.115/2022/LSGD തീയതി 28.05.2022 ഖണ്ഡിക 6.1 ക്രമ നമ്പർ 29 മാനദണ്ഡം 1 ൽ പോഷക മൂല്യമുള്ളതും വാണിജ്യ വ്യാവസായിക മൂല്യമുള്ളതുമായ എല്ലാ കാർഷിക വിളകളും ഉത്പാദിപ്പിക്കുവാനും അവ മൂല്യവർദ്ധിത ഉത്പന്നമാക്കാനും വിപണനം നടത്തുന്നതിനുമുള്ള പ്രോജക്ടിനാണ് സബ്സിഡി എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടിൽ 8 ഗുണഭോക്താക്കൾക്കായി 250000/- രൂപ അനുവദിച്ചിട്ടുണ്ട്. ആകെ ചെലവിന്റെ 50 ശതമാനം പരമാവധി 50000/- രൂപയിൽ നിജപ്പെടുത്തിയാണ് സബ്സിഡി അനുവദിച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ചെലവ് വിവരം | സബ്സിഡിയായി അനുവദിച്ച തുക (രൂപ) |
|---|---|---|
| ശ്രീമതി.ശ്രീദേവി.എസ്.വി | Uruli Roaster, Single Cutting Pulvarizer, Mixer എന്നിവയുടെ വാങ്ങൽ | 50000 |
| ശ്രീമതി.ശുഭാ രാമചന്ദ്രൻ | പിക്കാസ്, മൺവെട്ടി തുടങ്ങിയ കാർഷിക ഉപകരണങ്ങളുടെയും, പച്ചക്കറി തൈ, മരച്ചീനി കമ്പ്, വിവിധ ജൈവ വളങ്ങൾ എന്നിവയുടെയും വാങ്ങൽ, ജോലി കൂലി | 25000 |
| ശ്രീമതി.തങ്കം.എ | റഫ്രിജറേറ്റർ,ഗ്രൈന്റർ എന്നിവയുടെ വാങ്ങൽ | 21400 |
| ശ്രീമതി.വിമല.ഡി | ഗ്രൈന്റർ വാങ്ങൽ | 13320 |
| ശ്രീമതി.സിന്ധു.എസ് | ഗ്രൈന്റർ വാങ്ങൽ | 13250 |
| ശ്രീ.ഹരിശങ്കർ .എസ്.വി | വളം വാങ്ങൽ, ജെ.സി.ബി. വർക്ക് | 50000 |
| ശ്രീമതി.ശാലിനി.വി.എസ് | കൃഷി, ജോലി കൂലി | 27030 |
| ശ്രീ.യു.എസ്.അരുൺ | പിക്കാസ്, മൺവെട്ടി മുതലായവയുടെ വാങ്ങൽ, പച്ചക്കറി തൈ, ചാണകം മുതലായവയുടെ വാങ്ങൽ | 50000 |

മേൽപറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽപരിശോധനയിൽ ഏത് രീതിയിലുള്ള മൂല്യവർദ്ധിത ഉത്പന്നം/കാർഷിക വിളകൾ ഉത്പാദിപ്പിക്കാനാണ് വാങ്ങലുകൾ നടത്തിയതെന്ന യാതൊരു വിവരവും ലഭ്യമല്ല. വാങ്ങിയ ഉപകരണങ്ങളുടെ ചിത്രം മാത്രമാണ് ഫയലിലുള്ളത്. സബ്സിഡി തുക അനുവദിച്ചുകൊണ്ട് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും എന്താവശ്യത്തിനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 23/27.07.23 നുള്ള മറുപടിയിൽ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തവർ സബ്സിഡി മാർഗരേഖ പ്രകാരം ധനസഹായം ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച പ്രവൃത്തികൾ വിശദീകരിച്ചുകൊണ്ടുള്ള രേഖകളും കൃഷി ഓഫീസറുടെ റിപ്പോർട്ടും ഹാജരാക്കിയെങ്കിലും മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ഹാജരാക്കിയില്ല. ആയതിനാൽ സബ്സിഡി മാർഗരേഖയിൽ നിഷ്കർഷിച്ച പ്രകാരമുള്ള പോഷക മൂല്യമുള്ളതും വാണിജ്യ വ്യാവസായിക മൂല്യമുള്ളതുമായ കാർഷിക വിളകൾ ഉത്പാദിപ്പിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും അവ മൂല്യവർദ്ധിത ഉത്പന്നമാക്കാനും വിപണനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും യാതൊരു വിവരവും ലഭ്യമല്ല. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.കൈ നം.84/2022/LSGD തീയതി 19.04.2022 ഖണ്ഡിക 14 (1) ൽ പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കണമെന്നും ഇതിലേക്കായി മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഖണ്ഡിക 14 (3) ൽ മോണിട്ടറിംഗ് കമ്മറ്റി പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവഹണ ഘട്ടത്തിൽ ഗുണമേൻമയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണെന്നും ഇതിനായി പ്രൊജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും അഭിപ്രായം രേഖപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. പ്രോജക്ടിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കി പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് മോണിറ്ററിംഗ് സമിതിയുടെ വിശദമായ ആധികാരിക റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിലും ലക്ഷ്യം കൈവരിച്ചതിലും വ്യക്തതയില്ലാത്തതിനാൽ ചെലവ് തുകയായ 250000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ്-സാമ്പത്തിക വർഷത്തിൽ രണ്ട് തവണ അനുവദിച്ചു

കരാർ വ്യവസ്ഥയിൽ ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്യുന്ന ശ്രീമതി.അഞ്ജു.പി.എ-ക്ക് ജി.ഒ.പി.നം.20/2023 /ഫിൻ തീയതി 25.02.2023 ഖണ്ഡിക 2 പ്രകാരം 30.03.23 ന് 15 ദിവസത്തേക്ക് ആർജ്ജിതാവധി സറണ്ടർ ചെയ്തു നൽകി (ബിൽ നമ്പർ-6401110, വൗച്ചർ നമ്പർ-22201175, ചെക്ക് നം.030504 /30.03.23, തുക-15498/- രൂപ). തുടർന്ന് 31.03.23 ന് വീണ്ടും 15 ദിവസത്തേക്ക് ആർജ്ജിതാവധി സറണ്ടർ ചെയ്തു നൽകി (ബിൽ നമ്പർ-6401116, വൗച്ചർ നമ്പർ-22201183, ചെക്ക് നം.030507/31.03.23, തുക-15498/- രൂപ). പഞ്ചായത്ത് ഡയറക്ടർക്കുള്ള സർക്കാരിന്റെ 20.09.2019 ലെ തസ്വഭവ-ഐബി/24/2019/ തസ്വഭവ കത്ത് പ്രകാരം കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് ഒരു ധനകാര്യ വർഷം ക്രെഡിറ്റിലുള്ള 30 ൽ കവിയാത്ത ആർജിതാവധി സറണ്ടർ ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 2004 ശമ്പള പരിഷ്കരണ ഉത്തരവുമായി ബന്ധപ്പെട്ട 02.11.2006 ലെ 50/06(14)/ഫിൻ തീയതി.02.11.2006 ലെ സർക്കുലറിൽ ഒരു ധനകാര്യ വർഷത്തിൽ ഒരിക്കൽ മാത്രമേ ആർജിതാവധി സറണ്ടർ ചെയ്യാൻ കഴിയൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് വന്ന 2009, 2014, 2019 ശമ്പള പരിഷ്കരണ ഉത്തരവുകളിൽ ആർജിതാവധി സറണ്ടറുമായി ബന്ധപ്പെട്ട് നിലവിലെ സിസ്റ്റം തുടരുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്യുന്ന ശ്രീമതി.അഞ്ജു.പി.എ ക്ക് 2022-23 സാമ്പത്തിക വർഷം രണ്ട് പ്രാവശ്യം ആർജിതാവധി സറണ്ടർ ചെയ്ത് നൽകിയതിന്റെ കാരണം വ്യക്തമാക്കാനായി ഓഡിറ്റ് അന്വേഷണം 12 തീയതി 27.07.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മേലിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിച്ച് അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും 551796/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല

വിഴിഞ്ഞം കമ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ നിർവഹിച്ച വിവിധ പദ്ധതികളിലായി മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക നൽകിയതിൽ 551796/- രൂപയുടെ മരുന്ന് ലഭ്യമാകാനവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി നം., പേര് | മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൊടുത്ത തുക | ബിൽ നം. | മെഡിസിൻ കിട്ടിയ തുക |
|---|---|---|---|
| S0023 – പാലിയോറ്റീവ് കെയർ | 300000/- | 22020452009601439532, 22/3/2023 | 111686/- |
| | 275000/- | 22020452009600777962, 15/11/2022 | 183224/- |
| S0163 – വൃദ്ധജന പരിപാലനം | 300000/- | 22020452009600777961, 15/11/2022 | 168094/- |
| S0149 – വൃദ്ധ ജനങ്ങൾക്ക് മരുന്ന് വാങ്ങൽ | 204000/- | 22020452009601187393, 13/2/2023 | 88792/- |
| ആകെ തുക | 1079000/- | | 551796 |

മേൽ പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 1079000/- രൂപ കൊടുത്തതിൽ ഫയൽ, ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രകാരം നാളിതുവരെ 551796/- രൂപയുടെ മെഡിസിനാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 527204/- രൂപയുടെ മെഡിസിൻ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 49 തീയതി: 01/07/23) മറുപടി ലഭ്യമാക്കിയില്ല. മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മെഡിസിൻ ലഭിക്കാൻ കൂടുതൽ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്. ലഭ്യമാകാനവശേഷിക്കുന്ന മെഡിസിൻ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രേഖപ്പെടുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-17 ബോധവൽക്കരണ ക്ലാസിന് ലഘു ഭക്ഷണം നൽകൽ - രസീതിലെ തീയതികൾ പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ശാക്തീകരണം |
| പ്രോജക്ട് നം. | 165/23 |
| അടങ്കൽ തുക | 200000/- രൂപ |
| ചെലവ് തുക | 200000/- രൂപ |

ആകെ 200000/- രൂപ വകയിരുത്തിയ പ്രോജക്ടുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ് നടത്തിയപ്പോൾ ലഘു ഭക്ഷണം വിതരണം ചെയ്തതിന് 80000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. (സി.ബി നമ്പർ 16/22-23 പ്രകാരം 40000/- രൂപ, സി.ബി നമ്പർ 24/22-23 പ്രകാരം 40000/- രൂപ) ബോധവൽക്കരണ ക്ലാസ് നടത്തിയതുമായി ബന്ധപ്പെട്ട അറ്റൻൻസ് പരിശോധിച്ചതിൽ 23/02/23, 24/02/23, 25/02/23, 04/10/22, 07/10/22, 13/10/22, 14/10/22, 08/10/22, 09/10/22, 12/10/22, 13/10/22, 11/10/22, 12/09/22, 13/09/22 തീയതികളിലാണ് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ വൗച്ചറുകളിൽ ഈ ക്ലാസുകൾക്ക് ലഘുഭക്ഷണം വിതരണം ചെയ്തതിന് തുക കൈപ്പറ്റിയ രസീതുകളിൽ 25/02/23, 18/01/23, 20/12/22, 15/01/23, 22/01/23, 14/12/22, 10/02/23, 04/02/23, 20/01/23, 10/01/23, 20/12/22, 05/01/23, 19/01/23, 21/01/23, 24/02/23, 17/02/23, 09/11/22, 29/10/22, 26/10/22, 29/10/22, 20/10/22, 29/10/22, 10/11/22, 16/10/22, 25/10/22, 21/10/22, 28/10/22, 15/10/22, 26/10/22, 25/10/22, 17/10/22, 21/10/22, 11/11/22, 25/10/22, 14/11/22 തീയതികളിലാണ് ലഘുഭക്ഷണം വിതരണം ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അറ്റൻൻസ് രജിസ്റ്റർ പ്രകാരമുള്ള തീയതികളും ലഘു ഭക്ഷണം വിതരണം ചെയ്തതിന് തുക കൈപ്പറ്റിയ രസീതിലെ തീയതികളും പൊരുത്തപ്പെടുന്നില്ല.

ആകെ 950 പേരാണ് അറ്റൻൻസ് രജിസ്റ്റർ പ്രകാരം ബോധവൽക്കരണ ക്ലാസിൽ പങ്കെടുത്തത്. 950 പേർക്ക് ലഘു ഭക്ഷണത്തിന് 80000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ആയതിനാൽ ഭാവിയിൽ പദ്ധതി നടപ്പാക്കുമ്പോൾ മിതവ്യയശീലം പാലിക്കാൻ ശ്രദ്ധിക്കേണ്ടതും അറ്റൻൻസ് രജിസ്റ്റർ പ്രകാരമുള്ള തീയതികളിലുള്ള രസീതുകൾക്ക് മാത്രം ഭക്ഷണത്തിനുള്ള ചെലവ് തുക അനുവദിക്കേണ്ടതുമാണ്.

## 1-18 ബ്ലോക്ക് പഞ്ചായത്തുമായി കരാർ ഒപ്പിടാതെ സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറി - 100000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൊബൈൽ മെഡിക്കൽ ക്ലിനിക്ക്-ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| പ്രോജക്ട് നം. | 219/23 |
| അടങ്കൽ തുക | 100000/- രൂപ |
| ചെലവ് തുക | 100000/- രൂപ |
| ബിൽ നമ്പർ | 39/22-23, 31/03/2023 (ബിൽ ബുക്ക് പ്രകാരം) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |

ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രൊജക്ടായ മൊബൈൽ മെഡിക്കൽ ക്ലിനിക്ക്-ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23/03/2023 ലെ BP2/2342/22/ATR കത്ത് പ്രകാരം 100000/- രൂപ ശിശിര മോട്ടേഴ്സ് എന്ന സ്വകാര്യ സ്ഥാപനത്തിന്റെ 13715500004591 എന്ന അക്കൗണ്ടിലേക്ക് കൈമാറി.ബ്ലോക്ക് പഞ്ചായത്തുമായി കരാർ ഒപ്പിട്ടതിന്റെ രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ ഫയൽ പരിശോധനയിൽ ലഭ്യമായില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 52 /01.08.23 ന് മറുപടി ലഭ്യമാക്കിയില്ല.മേൽപ്പറഞ്ഞ രേഖകളില്ലാതെ സ്വകാര്യ സ്ഥാപനത്തിന് നേരിട്ട് തുക കൈമാറിയതിനാൽ ചെലവ് തുകയായ 100000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 വാങ്ങലിന് ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി |
| പ്രോജക്ട് നം | 213/23 |
| അടങ്കൽ തുക | 200000/- രൂപ |
| ചെലവ് തുക | 200000/- രൂപ |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖയിലെ

ഖണ്ഡിക 3 എ യിൽ മതിപ്പുവില 25000/- രൂപക്ക് മുകളിലും 100000/- രൂപക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി എന്ന പ്രോജക്ടിൽ സി.ബി.നമ്പർ 28/22-23 പ്രകാരം 50000/- രൂപ ക്രിയേറ്റീവ് സൈൻസ് എന്ന സ്ഥാപനത്തിന് ജീവിത ശൈലീ രോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട 12000 ബുക്ക് ലെറ്റുകൾ പ്രിന്റ് ചെയ്തതിനായി നൽകിയിട്ടുണ്ട്. ഇതിലേക്കായി ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. ബുക്ക് ലെറ്റിന്റെ പകർപ്പ് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. രേഖകൾ ലഭ്യമാക്കാനായി ഓഡിറ്റ് അന്വേഷണം നം. 43/01.08.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ കൃത്യമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 എം.ജി.എൻ.ആർ.ഇ.ജി.എസ്സ്.-പ്രവർത്തന അവലോകനം

2022-23 വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്-വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വരവ് ചെലവുകൾ രേഖാമൂലം സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2022- 23-ൽ വിഭാവനം ചെയ്ത പദ്ധതികൾ – 226

2. 2022- 23-ൽ വിഭാവനം ചെയ്ത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികൾ – 194

3. 2022- 23-ൽ വിതരണം ചെയ്ത തൊഴിൽ കാർഡുകൾ – 116

4. 2022- 23-ൽ സൃഷ്ടിച്ച തൊഴിൽ തൊഴിൽ ദിനങ്ങൾ എത്ര – 116972

| സ്ത്രീ. | പുരുഷൻ | ആകെ |
|---|---|---|
| 104439 | 12533 | 116972 |

| പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|
| 36319 | 0 | 36319 |

6. 2022- 23-ൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 1696

7. 2022- 23-ൽ 100തൊഴിൽ ദിനം പൂർത്തികരിച്ച കുടുംബങ്ങളുടെ എണ്ണം - 684

8. തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം തൊഴിൽ രഹിത വേതനം കൊടുത്ത വിവരം - 0

9. 2022- 23-ൽ പൂർത്തിയാക്കിയ സ്ഥിരആസ്തികളുടെ വിവരം (രൂപയിൽ) – ലഭ്യമല്ല

10. സോഷ്യൽ ആഡിറ്റ് നടത്തിയതിന്റെ വിവരം – 2022-23 ആദ്യപകുതി പൂർത്തീകരിച്ചു.

11. പദ്ധതികൾ സംബന്ധിച്ച വിവരം.

| നം. | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്, ജല സംരക്ഷണം | 63 | 3,68,70000 |
| 2 | വരൾച്ച തടയൽ, വനവൽക്കരണം | 4 | 4,92,248 |
| 3 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 9 | 1702845 |
| 4 | നടപ്പാത | 34 | 5246283 |
| 5 | വ്യക്തിഗത ആസ്തികൾ | 116 | 32,56,624 |

12. ലൈഫ് ഭവന പദ്ധതി, കൃഷി, മറ്റ് മേഖലകളിൽ മനുഷ്യദിനം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, ലഭ്യമാക്കിയിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം.?

A. ലൈഫ് ഭവനപദ്ധതി – 13 ഭവനം.

B. പാട്ടകൃഷി – 21 എണ്ണം.

13. തൊഴിലുറപ്പ് പദ്ധതി വരവ്, ചെലവ് വിവരം.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 0 | 15,25,673 | 15,25,673 | 15,24,234 | 1439 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 4,75,68,000 | 4,75,68,000 | 4,75,68,000 | 0 |
| 100 ദിനങ്ങൾ പൂർത്തിയായ വർക്കുള്ള ബോണസ് | 0 | 0 | 0 | 0 | 0 |
| ആകെ | 0 | 4,90,93,673 | 4,90,93,673 | 4,90,92,234 | 1439 |

14.2022-23വർഷത്തിൽ അഡ്വാൻസായി ലഭിച്ച തുക, തിരികെ നൽകിയതുക,ബാലൻസ് എന്നിവയുടെയും വിവരം ലഭ്യമാക്കേണ്ടതാണ്.

| അഡ്വാൻസായി ലഭിച്ച തുക | തിരികെ നൽകിയതുക | ബാലൻസ് |
|---|---|---|
| 3309241 | 1524234 | 1785007 |

15. 2022-23വർഷത്തിൽ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവാക്കിയ - തുക – 49092234/-

16. മെറ്റീരിയൽ പ്രവർത്തികൾക്കായി ചെലവാക്കിയ തുക – 5246283/-

17. റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കിയ തുക – 104928/-

ഓഡിറ്റ് കണ്ടെത്തിയ പ്രധാന അപാകങ്ങൾ

A. പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പും പദ്ധതികൾ പൂർത്തീകരിച്ചതിനുശേഷവും ഉള്ള ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

B. എല്ലാ പ്രവർത്തികളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിച്ചിട്ടില്ലായെന്ന് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

C. മസ്റ്റർ റോളുകളിൽ തിരുത്തലുകൾ കൂടുതലായി കാണുന്നു.

E. ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് കൂടുതൽ തുക ചെലവഴിക്കുന്നില്ല. മേൽ വിവരിച്ച പ്രധാന അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 47/23-ന് മറുപടി ലഭ്യമാക്കിയില്ല. ഏറ്റെടുക്കുന്ന പ്രവർത്തികൾ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുവാനും, ആസ്തി വികസന പ്രവൃത്തികൾക്ക് മുൻതൂക്കം നൽകാനും, സോഷ്യൽ ഓഡിറ്റിൽ പരാമർശിക്കപ്പെട്ട അപാകങ്ങൾ പരിഹരിക്കുവാനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ഗവ.എൽ.പി.എസ്. നെല്ലിവിള സ്കൂളിൽ വെള്ളക്കരം ഇനത്തിൽ 2627987/- രൂപയുടെ കുടിശ്ശിക-തുടർനടപടി സ്വീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിലെ ഭരണസമിതി മിനിട്സ് പരിശോധിച്ചതിൽ 12/1/2022 -ലെ ഭരണസമിതി തീരുമാനം 11 പ്രകാരം ഗവ.എൽ.പി.എസ്. നെല്ലിവിള സ്കൂളിൽ വെള്ളക്കരം ഇനത്തിൽ 2627987/- രൂപയുടെ വാട്ടർ അതോറിറ്റിയുടെ ബില്ല് ചർച്ച ചെയ്യുകയും തുടർ നടപടി സ്വീകരിക്കാൻ ഹെഡ്മാസ്റ്ററെ നിയോഗിക്കാനും തീരുമാനിച്ചു. ആയതിന്റെ കൂടുതൽ വിവരങ്ങൾക്കായി അന്വേഷണകുറിപ്പ് 50/23 പ്രകാരം ചുവടെ വിവരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

1. ഓരോ വർഷവും ഘടകസ്ഥാപനങ്ങൾക്ക് വേണ്ടി തുക നീക്കിവയ്ക്കാറുണ്ട്. ആയതിനാൽ പ്രസ്തുത ഇനത്തിൽ ഭീമമായ കുടിശ്ശിക വരാനുണ്ടായ കാരണം.

2. സ്കൂൾ അധികൃതർ യഥാസമയം വാട്ടർ ചാർജ് ബില്ലുകൾ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങൾ.

3. 12/1/2022 -ലെ ഭരണസമിതി തീരുമാനം 11 പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം രേഖകൾ സഹിതം.

എന്നാൽ ആവശ്യപ്പെട്ട വിവരങ്ങളിൽ പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. വെള്ളക്കരം സമയബന്ധിതമായി അടവാക്കാത്തതു കാരണം ഭീമമായ കുടിശ്ശിക വരുത്തിയത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് ബില്ലുകളുടെ പരിശോധന നടത്തി കുടിശ്ശിക അടവാക്കാനുള്ള തുടർ നടപടി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, ഭരണസമിതിയും നടപടി സ്വീകരിച്ച് തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക

പഞ്ചായത്തിൽ ആകെ 387 പൊതു ടാപ്പുകളാണ് നിലവിലുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ മാർച്ച് 2023 ലെ ബിൽ പ്രകാരം (ബിൽ നമ്പർ 72024, തീയതി-06/03/23) 21,68,852/- രൂപ കുടിശ്ശികയും 42,614/- രൂപ പിഴയും ഒടുക്കേണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ വെള്ളക്കരമായി ഒടുക്കിയ തുകകൾ വാട്ടർ അതോറിറ്റി കൃത്യമായി പോസ്റ്റ് ചെയ്യാത്തതിനാലാണ് ഇത് സംഭവിച്ചതെന്നും ആയതിനാൽ കുടിശ്ശികയും പിഴയും

ഒഴിവാക്കി തരണമെന്നാവശ്യപ്പെട്ട് നിരവധി തവണ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതായും വ്യക്തമായിട്ടുണ്ട്. തുടർന്ന് 03/02/2023 മുതൽ സർക്കാർ വെള്ളക്കരം വർദ്ധിപ്പിച്ചപ്പോൾ 387 ടാപ്പുകൾക്കുള്ള പ്രതിമാസ വെള്ളക്കരം 1,86,663/- രൂപയിൽ നിന്നും 4,69,528/- രൂപയായി ഉയർന്നു. 25.05.2023 ലെ 2(1) ഭരണ സമിതി തീരുമാന പ്രകാരം വെള്ളക്കരം വർദ്ധിച്ചതിനാലും ജല ജീവൻ മിഷൻ മുഖേന എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുള്ളതിനാലും വാട്ടർ കണക്ഷൻ വിച്ഛേദിക്കാൻ തീരുമാനിക്കുകയും ആയതിലേക്കായി 19.06.2023 ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകുകയും ചെയ്തു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 29/31.07.23 നുള്ള മറുപടിയിൽ കുടിശ്ശികയും പിഴയും ഒടുക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്ത് നിന്നും നിരവധി കത്തിടപാടുകൾക്ക് ശേഷവും യാതൊരു നടപടികളും ഉണ്ടാകാത്തതിനാലും ഈ വിഷയം സംബന്ധിച്ച് വാട്ടർ അതോറിറ്റിയിലെ മേലധികാരികൾക്ക് പരാതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഗുണഭോക്താവിന് തുക ലഭിച്ചില്ലെങ്കിലും സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക ക്രഡിറ്റ് ആയ രേഖ ലഭിക്കുന്നു

1) പ്രോജക്ട് നമ്പർ : 34/23(SO) (ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണം)

ചെലവ് തുക : 140,000/-

നിർവ്വഹണം : വി.ഇ.ഒ (ഈസ്റ്റ് സർക്കിൾ)

മേൽ പ്രോജക്ട് പ്രകാരം സാവിത്രി.പി എന്ന ഗുണഭോക്താവിന് തൻ വർഷം 1,40,000/- രൂപ നൽകിയിട്ടുണ്ട്. രണ്ടു ലക്ഷം രൂപയാണ് ഗുണഭോക്താവിന് വീട് നവീകരണത്തിന് അർഹമായ തുക. ഇതിൽ 60,000/- രൂപ 2020-21 സാമ്പത്തിക വർഷം ഗുണഭോക്താവിന് രണ്ടു ഗഡുക്കളായി നൽകിയിട്ടുണ്ട്. ആദ്യ ഗഡു 20,000/- രൂപയും രണ്ടാം ഗഡു 40,000/- രൂപയും സാംഖ്യ ബിൽ പ്രകാരം ടിയാളുടെ എസ്.ബി.ഐ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ UTR സ്റ്റേറ്റ്മെന്റും സാംഖ്യയിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ ടിയാളുടെ ബാങ്ക് അക്കൗണ്ടിൽ ആദ്യ ഗഡുവായ 20,000/- രൂപ ക്രഡിറ്റ് ആയിട്ടില്ല. (ബിൽ നം: 2002045009200671695, തിയതി : 28/10/2020; UTR No: U00000823475334) ടിയാളുടെ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കുകയും അക്കൗണ്ടിൽ ക്രഡിറ്റ് ആകാത്ത 20,000/- രൂപ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർവഹണോദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത തുക നാളിതുവരെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

ബിൽ പ്രകാരം മാറിയ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ലഭ്യമാകാത്തതു സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നിർവഹണോദ്യോഗസ്ഥൻ സ്വീകരിച്ച നടപടി, ഇതു സംബന്ധിച്ച് ട്രഷറിയുമായി നടത്തിയ കത്തിടപാട് എന്നിവയുടെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 19, തീയതി: 27/07/23) മറുപടി ലഭ്യമാക്കിയില്ല. 2020-21 ൽ നൽകിയ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ഇതുവരെ ലഭ്യമായിട്ടില്ല എന്നിരിക്കെ ഇത് സംബന്ധിച്ച തുടർനടപടി സ്വീകരിച്ചിട്ടില്ല എന്നത് ഗുരുതര വീഴ്ചയായി വിലയിരുത്തുന്നു. തുക യഥാർത്ഥ ഗുണഭോക്താവിന് ലഭ്യമാകാതെ തന്നെ UTR സ്റ്റേറ്റ്മെന്റ് ലഭ്യമാകുകയും സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം തെറ്റായ വിവരങ്ങൾ ലഭ്യമാകുകയും ചെയ്യുന്ന അപാകതകൾ സോഫ്റ്റ് വെയറിലുണ്ടെന്ന വിവരം ഐ.കെ.എം ന്റെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്. ഇതു സംബന്ധിച്ച് ട്രഷറി, ബാങ്ക് എന്നിവിടങ്ങളിൽ രേഖാമൂലം കത്ത് നൽകി 20,000/- നിലവിൽ ഏത് അക്കൗണ്ടിൽ അവശേഷിക്കുന്നുവെന്ന് കണ്ടെത്തി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

2) ട്രഷറിയിൽ ബിൽ സമർപ്പിച്ച ശേഷം ട്രഷറി ഓഫീസർ ബിൽ റിജക്ട് ചെയ്യാതെ തന്നെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ മാറ്റം വരുത്താൻ നിർവഹണോദ്യോഗസ്ഥന് സാധിക്കുന്ന വിധത്തിലാണ് സാംഖ്യ സോഫ്റ്റ് വെയർ ക്രമീകരിച്ചിട്ടുള്ളത്. ബിൽ തുക ഗുണഭോക്താവിന്റെ തിരുത്തിയ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ആകുകയും തിരുത്തൽ വരുത്തുന്നതിനു മുൻപുള്ള അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ആയതായി UTR സ്റ്റേറ്റ്മെന്റ് ലഭിക്കുകയും ചെയ്യും. ഗുണഭോക്താവിന് തുക ലഭിച്ചതായി രേഖകൾ പ്രകാരം ബോധ്യപ്പെടുമെങ്കിലും യഥാർത്ഥ ഗുണഭോക്താവിന് തുക ലഭിക്കാതിരിക്കാനുള്ള സാഹചര്യം ഇതുമൂലം സൃഷ്ടിക്കപ്പെടാം. ഇത് സോഫ്റ്റ് വെയറിലെ വലിയൊരു അപാകതയാണ്. ഇത്തരത്തിലുള്ള അപാകതകൾ സർക്കാരിന്റെയും സോഫ്റ്റ് വെയർ നിർമാതാക്കളുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 നെല്ലിവിള മാർക്കറ്റ് ടേക്ക് എ ബ്രേക്ക് പദ്ധതി - നാപ്കിൻ വെൻഡിംഗ് മെഷീൻ പ്രയോജനരഹിതമായി തുടരുന്നു

പ്രോജക്ട് നം : 45/23 നെല്ലിവിള മാർക്കറ്റ് ടേക്ക് എ ബ്രേക്ക് കേന്ദ്രത്തിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ

ചെലവു തുക : 51000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

നിർവഹണം : വി.ഇ.ഒ (നോർത്ത് സർക്കിൾ)

ബിൽ നം: 22020452009300328697; തിയതി : 19/07/2022

നെല്ലിവിള ടേക്ക് എ ബ്രേക്ക് കേന്ദ്രത്തിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നെല്ലിവിള മാർക്കറ്റിൽ 01/08/2023 ൽ വി.ഇ.ഒ യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ നിർമ്മിച്ച ശൗചാലയവും നാപ്കിൻ വെൻഡിംഗ് മെഷീനും നാളിതുവരെ ഉപയോഗിക്കാൻ സാധിച്ചിട്ടില്ലോയെന്ന് ബോധ്യപ്പെട്ടു. നെല്ലിവിള മാർക്കറ്റ് എന്നറിയപ്പെടുന്ന പ്രസ്തുത സ്ഥലത്ത് മാർക്കറ്റ് പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുറച്ച് കടമുറികളും കാലപ്പഴക്കം കൊണ്ട് ഉപയോഗ ശൂന്യമായ ഒരു കെട്ടിടവും ഉപയോഗിക്കാൻ കഴിയുന്നതും നിലവിൽ അടച്ചിട്ടിരിക്കുന്നതുമായ മറ്റൊരു കെട്ടിടവുമാണ് ഉള്ളത്. അതിനാൽതന്നെ പ്രസ്തുത പ്രദേശം ജനങ്ങൾ കടന്നു വരുന്ന ഒരു മേഖലയല്ല. കടമുറികൾ ഒന്നോ രണ്ടോ ഒഴികെ മറ്റൊന്നും പ്രവർത്തിക്കുന്നില്ല. കെട്ടിടം നാളിതുവരെ ആളുകൾക്ക് ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ടി സ്ഥലത്ത് 2021-22 സാമ്പത്തിക വർഷത്തിൽ മൂന്ന് ശൗചാലയങ്ങൾ ഉൾപ്പെടുന്ന ഒരു കെട്ടിടം വളരെ മനോഹരമായി നിർമ്മിച്ചിട്ടുണ്ട്. ഇതിനു തൊട്ടടുത്തായി മുൻ വർഷങ്ങളിലെപ്പോഴോ നിർമ്മിച്ച നാളിതുവരെ ഉപയോഗിച്ചിട്ടില്ലാത്ത രണ്ട് ശൗചാലയങ്ങൾ ഉൾപ്പെടുന്ന കെട്ടിടം കാട് പിടിച്ച് കിടക്കുന്നു. നാളിതുവരെ ഈ ശൗചാലയങ്ങളിലൊന്നും വാട്ടർ കണക്ഷൻ ലഭ്യമായിട്ടില്ല. വാട്ടർ കണക്ഷനായി പദ്ധതി രൂപീകരിച്ചെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വെള്ളമില്ലാത്ത ഉപയോഗിക്കാതെ അടച്ചിട്ടിരിക്കുന്ന ഈ കെട്ടിടത്തിലാണ് മൂന്നു നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിച്ചിരിക്കുന്നത്.

രണ്ട് ശൗചാലയങ്ങൾ ഉൾപ്പെടുന്ന കെട്ടിടം നിർമ്മിച്ചിട്ട് നാളിതുവരെ വാട്ടർ കണക്ഷൻ ലഭ്യമാക്കാതെ ഉപയോഗ ശൂന്യമായി നിഷ്ക്രീയ ആസ്തിയായി തുടരവേ വീണ്ടും ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം മൂന്നു ശൗചാലയങ്ങൾ നിർമ്മിക്കാൻ ഈ സ്ഥലം തന്നെ തെരഞ്ഞെടുത്തത് ഭരണസമിതിയുടെ നിരുത്തരവാദിത്തപരമായ പ്രവർത്തിയാണ്. ജനങ്ങൾ കൂടുതലായി എത്തിച്ചേരാത്ത ഒരു പ്രദേശത്ത് ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനു പകരം ജനങ്ങൾക്ക് ഉപയോഗ പ്രദമായ സ്ഥലത്ത് നിർമ്മാണം നടത്തിയിരുന്നെങ്കിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുമായിരുന്നു. വാട്ടർ കണക്ഷൻ ലഭ്യമാക്കി കെട്ടിടം ഉപയോഗപ്രദമാക്കാതെ അവിടെ ന്പ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിച്ചതും അംഗീകരിക്കാനാവുന്നതല്ല. സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമാണം നടത്തി ഇത്തരത്തിൽ പ്രയോജന രഹിതമായി, നിഷ്ക്രീയ ആസ്തിയായി കെട്ടിടം അവശേഷിക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിതമായ നടപടി സ്വീകരിച്ച് പദ്ധതി പ്രയോജനപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.








## 1-25 പത്താംതരം -പ്ലസ്സ് തുല്യതാ പരീക്ഷ ഫീസൊടുക്കൽ -21200/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. – SO124/23

പ്രോജക്ടിന്റെ പേര് – പത്താംതരം – പ്ലസ്സ് തുല്യതാ പരീക്ഷ ഫീസൊടുക്കൽ

അടങ്കൽ തുക – 50000/- രൂപ (വികസന ഫണ്ട്)

ചെലവ് തുക - 21200/- രൂപ (Bill No. 13/dtd 17.3.23)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്, മുട്ടയ്ക്കാട്

വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സമ്പൂർണ്ണ സാക്ഷരതയുടെയും തുടർസാക്ഷരതയുടെയും ഭാഗമായും ഗ്രാമപഞ്ചായത്തിന്റെ എല്ലാ വ്യക്തികളെയും പത്താംക്ലാസ്/പ്ലസ്സ് തുല്യതാപരീക്ഷ എഴുതിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പത്താംതരം തുല്യതാ കോഴ്സിനു പഠിതാക്കളുടെ കോഴ്സ് ഫീസായി 3700/- രൂപയും, പ്ലസ്സുതുല്യതാ പരീക്ഷയ്ക്കായി 17500/- രൂപയും, കേരളാ സാക്ഷരതാ മിഷനു നല്കിയിട്ടുണ്ട്. പ്രോജക്ട് ഫയലിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറിൽ നിന്നും പ്രോജക്ടുകൾക്കായി അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

2. പ്ലസ്സ് തുല്യതപരീക്ഷയ്ക്കായി ആനുകൂല്യം ലഭ്യമായ 7 പഠിതാക്കളിൽ രണ്ട് പഠിതാക്കളുടെ ഹാൾടിക്കറ്റ്, പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.

3. പത്താംതരം തുല്യതപരീക്ഷയ്ക്കായി ആനുകൂല്യം ലഭ്യമായ രണ്ട് പഠിതാക്കളുടെ ഹാൾടിക്കറ്റ്, പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമായിട്ടില്ല. പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 6ന്റെ മറുപടിയിൽ പരീക്ഷ എഴുതാത്ത പഠിതാക്കൾ 2023-24 സാമ്പത്തിക വർഷം പരീക്ഷ എഴുതുന്നതാണ് എന്ന് അറിയിച്ചിട്ടുള്ളതായും, വിനിയോഗ സാക്ഷ്യപത്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും അറിയിച്ചു.

സാക്ഷരതാമിഷൻ സമിതിയുടെ വിനിയോഗ സാക്ഷ്യപത്രം, മേൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റി പരീക്ഷ വിജയിച്ചവരുടെ പേരുവിവരങ്ങൾ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 29,12,416/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 നടപ്പിലാക്കിയ വിവധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടവാക്കിയ തുക (ബിൽ നമ്പർ ) | തുക അടവാക്കിയ വിവരം |
|---|---|---|---|
| 1 | എസ്.എസ്.കെ. വിഹിതം (എസ്.സി) (SO 250/23) | 652660/-<br>Bill No.16/22-23 Dtd 31.8.22 | ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ, BRC, ബാലരാമപുരം |

| | | | |
|---|---|---|---|
| 2 | എസ്.എസ്.കെ. വിഹിതം (ജനറൽ) (S0249/23) | 674340/-<br>Bill No.15/22-23 Dtd 31.8.22 | ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ, BRC, ബാലരാമപുരം |
| 3 | ജില്ലാആസൂത്രണ സമിതി സെക്രട്ടറിയേറ്റ് നിർമ്മാണം ബ്ലോക്ക് വിഹിതം (S0156/23) | 350000/-<br>Bill No.24/22-23 Dtd 26.10.22 | മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി |
| 4 | അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ്- ശുചിത്വമിഷന് വിഹിതം നൽകൽ | 25000/-<br>Bill No.343/15.3.23 | ശുചിത്വ മിഷൻ |
| 5 | IKM ന് വിഹിതം നൽകൽ (S0150/23) | 115848<br>Bill No.14/22-23 Dtd 30.8.22 | ഡയറക്ടർ, ഐ.കെ.എം |
| 6 | വൈദ്യുതി ലൈൻ നീട്ടൽ (S0003/23) | Bill No.124/22-23 Dtd 24.11.22, Amt-111935<br>Bill No.267/22-23 Dtd 13.2.2023 Amt-77101<br>Bill No.162/22-23 Dtd 17.12.22 Amt-109135<br>Bill No.43/22-23 Dtd 14.2.23 Amt-796397 | കെ.എസ്.ഇ.ബി |

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം (29,12,416/- രൂപയുടെ) ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികൾ സമയബന്ധതമായി പൂർത്തീകരിക്കുന്നില്ല.

2022-23 സാമ്പത്തിക വർഷം എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ, 2021-22 കാലയളവിലെ 28 പ്രവൃത്തികൾ പൂർത്തിയാക്കാതെ സ്പിൽ ഓവറായി 2022-23 എടുക്കുകയും ആയതിൽ 24 എണ്ണം പൂർത്തീകരിക്കുകയും 4 എണ്ണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായും ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. പൂർത്തിയാക്കാൻ അവശേഷിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ. നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | കരാറുകാരന്റെ പേര്, എഗ്രിമെന്റ് നം. തീയതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് അസി. എഞ്ചിനീയർ ലഭ്യമാക്കിയ വിവരം |
|---|---|---|---|---|---|
| 1 | 85/20 | നീലകേശി കനാലിനു കുറുകെ നടപ്പാലം | 180000 | ശ്രീ.നീലാംബരൻ<br>67/AE/LSGD /vgnr/2019-20, Dt. 15.10.19 | 18.11.2019 ലെ 1(7) തീരുമാന പ്രകാരം ഒഴിവാക്കി.ഇറിഗേഷൻ ഡിപ്പാർമെന്റിന്റെ NOC ലഭ്യമായിട്ടില്ല. |
| 2 | 197/22 | കുട്ടംകത്തിയവിളറോഡ് ഓട നിർമ്മാണം | 335000 | ശ്രീ.വി.ജയകുമാർ<br>40/AE/LSGD /VGNR/21-22, Dt.14.3.22 | 14.03.22ൽ എഗ്രിമെന്റ് വച്ചുവെങ്കിലും ഓട നിർമ്മിക്കേണ്ട സ്ഥലത്ത് ഇലക്ട്രിക് പോസ്റ്റുകൾ ഉള്ളതിനാൽ കാലതാമസം ഉണ്ടായി. നിയമാനുസൃത പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 3 | 24/22 | നെടിഞ്ഞൽ കുട്ടം കുത്തിയ വിള റോഡ് റീടാറിംഗ് | 676500 | ശ്രീ പ്രസന്നകുമാർ എൽ 19/AE/LSGD /VGNR/21-22, Dt.31.12.21 | നിരവധിതവണ കത്ത് നല്കിയെങ്കിലും പ്രവൃത്തി ആരംഭിക്കാത്തതിനെ തുടർന്ന് കമ്മിറ്റി തീരുമാനം1(3) 25.5.2023 പ്രകാരം കരാറുകാരനെ ഒഴിവാക്കി. |
| 4 | 67/22 | നെല്ലിവിള മാർക്കറ്റിൽ എം.സി.എഫ് നിർമ്മാണം | 686500 | ശ്രീ രഘു എസ് 28/AE/LSGD /VGNR/21-22 Dt. 2.2.2022 | വാർഡ് മെമ്പറുടെയും നാട്ടുകാരുടെയും പ്രതിഷേധം കാരണം പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |

മേൽ പറഞ്ഞ 4 പ്രവൃത്തികളിൽ ഒരു പ്രവൃത്തി കമ്മിറ്റി തീരുമാന പ്രകാരം 2023-24 -ലെ വാർഷിക പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതായി അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കരാറുകാർ പണി നടത്താത്ത കാരണത്താൽ വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ വന്നിട്ടുള്ളതെങ്കിൽ സെക്യൂരിറ്റി/അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി തുകകൾ കണ്ട് കെട്ടുന്നതുൾപ്പടെ, കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ കരാറുകാർക്കെതിരെ അസി.എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികളുടെ കാര്യത്തിൽ നിയമാനുസൃതമുള്ള പിഴ ഈടാക്കികൊണ്ട് പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ അസി.എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

## 1-28 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം-രേഖകൾ ഹാജരാക്കിയില്ല -2,04,900/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - (SO295/23)

പ്രോജക്ടിന്റെ പേര് – സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം

ചെലവ് വിവരം – Bill No.342/15.3.23 Amt – 204900/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് ഓഫീസ് ആവശ്യത്തിന് ലാപ്റ്റോപ്പ്, QR കോഡുകൾ, കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും, എസ്.എം.എസ് ചാർജ്ജ് എന്നിവയ്ക്കായി 2022-23 സാമ്പത്തിക വർഷം 204900/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ,

- നിലവിൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം എപ്രകാരം ആണ് പ്രവർത്തിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
- പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ വിവരങ്ങൾ
- സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് റിപ്പോർട്ട് നൽകുകയോ ആയത് ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മിനുട്ട്സും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
- QR കോഡുകൾ ലഭ്യമായതിന്റേയും ആയത് ഗ്രാമ പഞ്ചായത്തിലെ വീടുകൾ, കടകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പതിപ്പിച്ചതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

  മേൽ പരാമർശങ്ങൾക്ക് മറുപടി /വിശദീകരണം ആരാഞ്ഞ് നല്കിയ എൻക്വയറി നമ്പർ 25 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവാക്കിയ തുക 2,04,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾക്ക് വാട്ടർ കണക്ഷൻ നല്കൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - 4,07,850/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ – S0004/23

പ്രോജക്ടിന്റെ പേര് – ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകൽ

ചെലവ് വിവരം – Bill No. 255/9.2.23 Amt - 407850/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി ഗ്രാമപഞ്ചായത്ത്

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ കട്ടച്ചൽകുഴി വാർഡിൽ കുഴൽ കിണർ നിർമ്മിച്ച് ടേക്ക് എ ബ്രേക്ക് കേന്ദ്രത്തിന് വാട്ടർ കണക്ഷൻ നല്കുന്നതാണ്പദ്ധതി.പ്രസ്തുത പദ്ധതിക്കായി ഭൂജല വകുപ്പിന്റെ 30.12.22 -ലെ G-W/DOT/1455/20 കത്ത് പ്രകാരം എസ്റ്റിമേറ്റ് നല്കി ഭൂജല വകുപ്പും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി 23.01.23 കരാറിൽ ഏർപ്പെട്ട് പ്രവൃത്തിക്കായി 407850/- (Bill No. 255/9.2.23) പ്രകാരം ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ട്.എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 25ന് മറുപടി ലഭ്യമാക്കിയില്ല. പൂർത്തികരണസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആയതിന്റെ അഭാവത്തിൽ ചെലവ് തുക 4,07,850/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 കരാർ തീയതിയിൽ പ്രവർത്തി പൂർത്തീകരിച്ചില്ല

പ്രോജക്ടിന്റെ പേര്-കുട്ടംകുത്തിയവിള റോഡ് ഓടനിർമ്മാണം

പ്രോജക്ട് നം- S0197/22
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ
അടങ്കൽ തുക - 335000/-
കരാറുകാരൻ – ശ്രീ.വി.ജയകുമാർ
എഗ്രിമെന്റ് നം. 44/AE/LID&EW/VGNR/21-22 Dtd 14.03.2022
ടി.എസ്. നം. 76781/2021-22 LSGD/TS/21-22/103431 Dtd 18.01.22
എം.ബുക്ക് നം. 12/22-23/vgnr
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 6 മാസം
പ്രവൃത്തി ആരംഭിച്ച തീയതി : 14.03.22
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 28.04.23

2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് എൻജിനീയർ, നടപ്പിലാക്കിയ പദ്ധതികൾ പരിശേധിച്ചതിൽ,മേൽ പ്രോജക്ടിനായി 14.03.22 കരാറു വയ്ക്കുകയും പ്രവൃത്തി 28.04.23 ൽ പൂർത്തീകരിച്ചതായിഅസിസ്റ്റന്റ് എൻജിനീയർ, സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും കണ്ടെത്തി. കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ഇനത്തിൽ തുക, (P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. അതിനാൽ കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കിയതിന്റെ വിശദാംശം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 33 ന്റെ മറുപടിയിൽ, 14.03.2022 ൽ കരാർ വച്ചുവെങ്കിലും ഓട നിർമ്മിക്കേണ്ട സ്ഥലത്ത് ഇലക്ട്രിക്ക് പോസ്റ്റുകൾ ഉള്ളതിനാൽ കാലതാമസം വന്നതായും, കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ട് സെക്രട്ടറിക്ക് റിക്വസിഷൻ സമർപ്പിച്ചിട്ടുള്ളതായും ഫണ്ട് ലഭ്യമാക്കാത്തതിനാൽ തുക നൽകിയിട്ടില്ലായെന്നും അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതും ഇത്തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭിക്കാൻ കാലതാമസം നേരിടുന്നു.

പ്രോജക്ട് നം : 222/23 എഫ്.ഡബ്ല്യു.സി സെന്ററിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ
അടങ്കൽ : 1,25,000/- രൂപ

ചെലവ് തുക : 124763/- രൂപ (മെയിന്റനൻസ് ഫണ്ട്, റോഡിതരം)

നിർവഹണം : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, വിഴിഞ്ഞം)

| ബിൽ റഫറൻസ് നമ്പർ | തീയതി | തുക |
|---|---|---|
| 2202045200960121271 1 | 20/02/2023 | 40725 |
| 2202045200960139646 9 | 18/03/2023 | 84038 |
| ആകെ | | 124763 |

കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കെൽട്രോണിന് 124763/- രൂപ 2022-23 ൽ നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 3 കമ്പ്യൂട്ടർ വാങ്ങുന്നതിന് പെർഫോർമ ഇൻവോയ്സ് വാങ്ങി 2022 മാർച്ചിൽ 93840/- രൂപ നൽകിയെങ്കിലും യഥാസമയം CPRCS ലെ നിബന്ധന പ്രകാരമുള്ള വർക്ക്

ഓർഡർ ജനറേറ്റ് ചെയ്തില്ല. 2022-23 സാമ്പത്തിക വർഷാവസാനമാണ് കമ്പ്യൂട്ടർ ലഭ്യമാകാത്തതിനാൽ കെൽട്രോണിനെ സമീപിച്ചത്. യഥാസമയം വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാത്തതിനാൽ നിലവിലെ കൂടിയ നിരക്ക് നൽകണമെന്ന് കെൽട്രോൺ 21/11/2022 ൽ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടതു പ്രകാരം 40725/- രൂപ തൻവർഷത്തെ പ്രോജക്ട് പ്രകാരം നൽകി. കൂടാതെ രണ്ട് കമ്പ്യൂട്ടറുകൾക്കായി 84038/- രൂപയും നൽകി. 2021-22 സാമ്പത്തിക വർഷം ഓർഡർ ചെയ്ത 3 എണ്ണവും 2022-23 ലെ 2 എണ്ണവും ഉൾപ്പെടെയുള്ള 5 കമ്പ്യൂട്ടറും നാളിതുവരെ ലഭ്യമായിട്ടില്ല. യഥാസമയം വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാത്തതിനാലാണ് 40725/- രൂപ അധികം നൽകേണ്ടി വന്നത്. കൂടാതെ കമ്പ്യൂട്ടർ വാങ്ങുന്നതിന് സാമ്പത്തിക വർഷം അവസാനമാണ് തുക നൽകി നടപടി ആരംഭിച്ചിരിക്കുന്നത്. സാമ്പത്തിക വർഷാവസാനം വരെ പദ്ധതികൾ വൈകിപ്പിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. കൂടാതെ കമ്പ്യൂട്ടർ ലഭ്യമാകുന്നതിന് കത്തിടപാടുകളും നടത്തിയിട്ടില്ല. കുടുംബക്ഷേമകേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടറുകൾ നൽകുമ്പോൾ യു.പി.എസ് ഉൾപ്പെടെ നൽകുന്നത് കൂടുതൽ നല്ലതായിരിക്കും. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം: 41; തീയതി: 31/07/23). കമ്പ്യൂട്ടറുകൾ ലഭ്യമാകുന്നതിന് ആവശ്യമായ തുടർ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് കുടുംബക്ഷേമകേന്ദ്രങ്ങൾക്ക് വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-32 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS”-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

ധനകാര്യ വകുപ്പിന്റെ 22-10-2020 -ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS” -എന്ന സൈറ്റിൽ 30-11-2020 -ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 1/23-ന് ലഭ്യമാക്കിയ മറുപടിയിൽ വാഹനങ്ങളുടെ വിവരങ്ങൾ "VEELS”- എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടില്ലായെന്ന് അറിയിച്ചു. മുൻ വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലും പ്രസ്തുത വിഷയം പരാമർശിച്ചിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കീഴിലും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-33 പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല

വെള്ളാർ വാർഡിൽ സ്ഥിതി ചെയ്യുന്ന അയ്യൻകാളി ഭവനസമുച്ചയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഭവനസമുച്ചയത്തോട് ചേർന്ന് കിടക്കുന്ന 4.05ആർ (10 സെന്റ്) വസ്തു നൂഹഖാൻ എന്ന വ്യക്തിയിൽ നിന്നും 200000/- രൂപ വില നല്കി 01.02.2023 വിലയാധാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ആയത് കരം ഒടുക്കി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 31.07.2023 ന് കരം ഒടുക്കിയെങ്കിലും ആസ്തി രജിസ്റ്റർ ചേർത്തിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം 46/01.08.2023). ആസ്തി രജിസ്റ്റർ ചേർത്ത് അറിയിക്കേണ്ടതാണ്.

## 1-34 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്ന് പൂർണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | 54/2023 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 2,50,000/- (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്) |
| ചെലവ് തുക | 2,50,000/- |
| ബിൽ നം | 01/2022-23 തീയതി. 10.10.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ബിൽ നം. 01/2022-23 തീയതി. 10.10.22 പ്രകാരം 2,50,000/- രൂപ മരുന്ന് ലഭ്യമാക്കുന്നതിലേയ്ക്കായി ഹോംകോയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ഇൻവോയിസ് നം. LF

246/12.06.2023 പ്രകാരം 1,16,446/- രൂപയുടെ മരുന്നും നം. LF 566/17.07.2023 പ്രകാരം 80,552/- രൂപയുടെ മരുന്നും മാത്രമേ ലഭ്യമായിട്ടുള്ളതായി കാണുന്നുള്ളൂ. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 22/27.07.2023 ന് അവശേഷിക്കുന്ന 53,002/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. മരുന്നുകൾ പൂർണമായും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 491625 | സ്നേഹസ്പർശം | 491625 | 0 |
| | | 0 | 245390 | ക്ഷീര സമൃദ്ധി | 245390 | 0 |
| | | 2547737 | 0 | എസ്.സി. ഭവന സമുച്ചയത്തിന് ഭൂമി വാങ്ങൽ | 2000000 | 547737 |
| ആകെ | | 2547737 | 737015 | | 2737015 | 547737 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 365500 | സ്നേഹസ്പർശം | 365500 | 0 |
| | | 0 | 300000 | ക്ഷീര സമൃദ്ധി | 300000 | 0 |
| | | 666369 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 666369 |
| ആകെ | | 666369 | 665500 | | 665500 | 666369 |
| മുനിസിപ്പൽ കോർപ്പറേഷൻ | | 1258599 | 0 | ടേക്ക് എ ബ്രേക്ക് | 1022714 | 235885 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (ലെഡ്ജർ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2547737 | 737015 | 3284752 | 2737015 | 547737 | 547737 |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 666369 | 665500 | 1331869 | 665500 | 666369 | 666369 |
| മുനിസിപ്പൽ കോർപ്പറേഷൻ | 1258599 | 0 | 1258599 | 1022714 | 235885 | 235885 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 3/23 വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 1094568 | - | 1094568 |
| | 177/23 പോസ്റ്റ് ഷിഫ്റ്റിംഗ് | 523106 | - | 523106 |
| ഭൂഗർഭ ജലവകുപ്പ് | 4/23 വാട്ടർ കണക്ഷൻ-ടേക്ക് എ ബ്രേക്ക് | 407850 | - | 407850 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (Rp-49 പ്രകാരം) | ആകെ | 2022-23 വർഷം തിരികെ ലഭിച്ച തുക (Rp-49 പ്രകാരം) | നീക്കിയിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 14403012 | 1617674 | 16020686 | 383926 | 15636760 | 14317256 |
| കേരള വാട്ടർ അതോറിറ്റി | 10313699 | 0 | 10313699 | 290228 | 10023471 | 11342974 |
| ഭൂഗർഭ ജലവകുപ്പ് | 90000 | 407850 | 497850 | 0 | 497850 | 497850 |

കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ യഥാർത്ഥ നീക്കിയിരിപ്പും ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമുണ്ട്. അപാകം ഖണ്ഡിക 1-1-7 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP-31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നു) |
|---|---|---|---|
| 20238725 | 0 | 2498679 | 17740046 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|---|
| 1 | 2019-20 | 1-19 | 4500 | Assistant Engineer | 1220100677/12.05.2022 |
| 2 | 2020-21 | 1-21 | 9455 | Assistant Engineer | 1220102708/16.09.2022 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 34911028 |
| ഓഡിറ്റ് വർഷത്തെ വരവ് | 52105590 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 41805602 |
| നീക്കിയിരിപ്പ് | 45211016 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4448162 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 250000/- | ശ്രീ. പ്രകാശ് ക്രിസ്റ്റ്യൻ, കൃഷി ഓഫീസർ |
| 1-16 | 551796/- | ശ്രീ. ഡോ. ജവഹർ, ചീഫ് മെഡിക്കൽ ഓഫീസർ |
| 1-18 | 100000/- | ശ്രീ. ഡോ. ജവഹർ, ചീഫ് മെഡിക്കൽ ഓഫീസർ |
| 1-25 | 21200/- | ശ്രീമതി. ബീന, ഹെഡ്മിസ്ട്രസ്സ് |
| 1-26 | 1615416/- | ശ്രീ. ആർ.റ്റി. ബിജുകുമാർ, സെക്രട്ടറി |
| | 1297000/- | ശ്രീ. അപ്സരകുമാർ, സെക്രട്ടറി |
| 1-28 | 204900/- | ശ്രീ. ആർ.റ്റി. ബിജുകുമാർ, സെക്രട്ടറി |
| 1-29 | 407850/- | ശ്രീ. ആർ.റ്റി. ബിജുകുമാർ, സെക്രട്ടറി |
| ആകെ | 4448162 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അപ്സരകുമാർ | | അപ്സര ഭവൻ, കമുകിൻകോട്, കൊടങ്ങാവിള പി.ഒ. |
| ശ്രീ. ആർ.റ്റി. ബിജുകുമാർ | | ഗംഗ പൂങ്കോട്, ഭഗവതി നട, പള്ളിച്ചൽ പി.ഒ. |
| ശ്രീ. പ്രകാശ് ക്രിസ്റ്റ്യൻ | | ബദനി, നെടിയകാല, കാഞ്ഞിരംകുളം |
| ശ്രീ. ഡോ. ജവഹർ, ചീഫ് മെഡിക്കൽ ഓഫീസർ | | W J നിവാസ്, ലൂയിസ് കോമ്പൗണ്ട്, മങ്കാട്, തിരുമല |
| ശ്രീമതി. ബീന, ഹെഡ്മിസ്ട്രസ്സ് | | മകം ചിറയിൽ, മുട്ടയ്ക്കാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 2<br>(3-2, 3-4) |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 1 (3-11) |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 2 (3-2, 3-3) |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 5<br>(3-2, 3-3, 3-5,<br>3-7, 3-9) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 1 (3-3) |
| 2010-11&<br>2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 6<br>(2-3, 3-3, 3-6, 3-8,<br>3-9, 3-13) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 6<br>(2-3, 3-9, 3-10, 3-11,<br>3-12, 3-13) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 7<br>(3-1, 3-2, 3-5, 3-7,<br>3-10, 3-11, 3-12) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 20<br>(2-1, 2-5, 3-6, 3-7,<br>3-8, 3-9, 3-10-1, 3-12,<br>3-15, 3-16-1, 3-16-2,<br>3-16-3, 3-16-4, 3-17, 3-24,<br>3-27,<br>3-28, 3-29, 3-30, 3-31) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 4<br>(3-4, 3-7, 3-8, 3-9) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 2<br>(2-5, 3-8) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2399/18 തീയതി. 02.08.2019 | 11 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2059/2019 തീയതി. 15.02.2021 | 29 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1729/2021 തീയതി. 07.10.2021 | 21 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/579/2022 തീയതി. 22.06.2022 | 35 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1757/2022 തീയതി. 13.02.2023 | 26 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 04-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Venganoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Venganoor Grama Panchayat for the year 2022-2023

Date: 15/10/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Venganoor Grama Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

1) schedules relating to financial ratios are not submitted with accounts.
2) In SBI e-payment balance amount of 4296/- is seen as cheque deposited but not credited. Delay not explained satisfactorily.
3) Amount in net increase in cash and cash equivalents didnt match with net cash generated by operating + investing + financial activity. Theres is a differecne of Rs. 1400327/-
4) No depreciation entry for certain fixed assets. Accumulated depreciation for Plant & machinery is the same amount of the item recorded in 2021-22.
5) Monthly summary statements for accrual based demands are not prepared and attached with Annual financial statements.
6) Festival Advance amount of Rs. 15000/- not adjusted till the end of financial year.

7) Amount of E-tender form not transferred to Panchayath fund.
8) Amount booked in wrong account head â Amount deposited KSEB & Water Authority for which UC is not received has been booked in the concerned Assest Head.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്